ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 11 | ലക്കം 1 | ഫെബ്രുവരി 2007 | പേജ് 8

വേർപാടിന്റെ ഒരു വർഷം

മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ

ജോർജിയന്റെ ആശംസകൾ



ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ

വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ ഇടിഞ്ഞ മതിലുകളെ ദുർഗ്ഗമാക്കി മാറ്റിയ വിശുദ്ധൻ

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ

മലങ്കര സഭാ ഭാസുരനും പുണ്യചരിതനുമായ വട്ടശ്ശേരിൽ പരിശുദ്ധ ഗീവർഗീസ് മാർ ദീവന്നാസിയോസിനെപ്പറ്റി ചിന്തിക്കുമ്പോൾ മതിൽ ഇടിഞ്ഞും വാതിലുകൾ അഗ്നിക്കിരയാക്കപ്പെട്ടും കിടക്കുന്ന യെറുശലേം എന്ന വിശുദ്ധ നഗരത്തെ ഓർത്തു കരയുകയും അവ വീണ്ടും പണിയാൻ ദൃഢനിശ്ചയം ചെയ്യുകയും ചെയ്ത നെഹമ്യാ പ്രവാചകന്റെ ദുഃഖവും ഉപവാസവും പ്രാർത്ഥനയുമാണു മനസ്സിൽ ഓടിയെത്തുന്നത്. മലങ്കരസഭയുടെ ഭദ്രമായ മതിലുകളെ വിദേശികൾ ഇടിച്ചു തകർത്തപ്പോൾ "സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിച്ചുതരും, ആകയാൽ ഞങ്ങൾ എഴുന്നേറ്റു പണിയും" എന്ന നെഹമ്യാവിന്റെ ദർശനം ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭയെ സംബന്ധിച്ചിടത്തോളം വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്താണു സംഭവിച്ചത്.

മലങ്കരസഭയുടെ ഇടിഞ്ഞു കിടന്ന മതിലുകളെ പ്രതികൂലസാഹചര്യങ്ങളിൽ കോട്ടകളായി കെട്ടിപ്പൊക്കിയ വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ ആധുനിക നെഹമ്യാവ് തന്നെയാണ്.

സഭയ്ക്കെതിരായി അധികാരത്തിനും ദ്രവ്യത്തിനും വേണ്ടി കരുക്കൾ നീക്കിയ വൈദേശിക ശക്തിയെ തടയാനും ആധ്യാത്മിക പ്രസ്ഥാനങ്ങൾകൊണ്ടും അവയുടെ ഭരണക്രമങ്ങൾകൊണ്ടും സഭയെ ഉറപ്പിക്കുന്നതിനും വട്ടശ്ശേരിൽ തിരുമേനി ചെയ്ത സേവനങ്ങൾ, മലങ്കരസഭ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടും മിക്കവരും വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല.

മലങ്കരസഭാ സംരക്ഷകൻ, മലങ്കരസഭാ ഭാസുരൻ, ധീരനായ സഭാനേതാവ്, പരിശുദ്ധപദവി ലഭിച്ച ദൈവ മനുഷ്യൻ തുടങ്ങിയ നിലകളിൽ അറിയപ്പെടുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ കപടമല്ലാത്ത ജീവിതവും ധന്യമായ പ്രവർത്തനങ്ങളും മലങ്കരസഭാ നൗകയുടെ പത്തൊൻപതും ഇരുപതും ശതകങ്ങളിലെ ചരിത്രത്തിന്റെ ഗതിയെ തിരിച്ചുവിടുകയും സുരക്ഷിതമായ സ്ഥലത്തു നങ്കൂരമിട്ടുറപ്പിക്കുകയും ചെയ്തു എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവാശ്രയത്തിലും, പ്രാർത്ഥനയിലും ഊന്നി നിന്ന ആ യോഗിയുടെ ജീവിതത്തിന്റെ ആഴവും പരപ്പും അളക്കാനോ തിട്ടപ്പെടുത്താനോ വിലയിരുത്താനോ അത്ര എളുപ്പവുമല്ല. മല്ല



(ശേഷം രണ്ടാം പേജിൽ)

ഓർത്തഡോക്സ് സഭയെ തളർത്താൻ ശ്രമിച്ചാൽ ശക്തമായി നേരിടും: പ. കാതോലിക്കാ ബാവാ

തിരുവനന്തപുരം: ഓർത്തഡോക്സ് സഭാ വിശ്വാസികളുടെ സമാധാന ജീവിതത്തെ തകർക്കുവാനും അതുവഴി സഭാ സ്വത്തുക്കൾ കൈക്കലാക്കുവാനും രാഷ്ട്രീയ സാമുദായിക സ്വാധീനമുപയോഗിച്ച് പാത്രിയർക്കീസ് വിഭാഗം നടത്തുന്ന ശ്രമങ്ങളെ നേരിടുവാൻ സഭാമക്കൾ ജാഗരൂഗരാകണമെന്ന് ബാവാ ഉദ്ബോധിപ്പിച്ചു.

തൃക്കുന്നത്ത് സെമിനാരി ഓർത്തഡോക്സ് സഭയുടേതായിരിക്കെ വിഘടിതവിഭാഗം ആസൂത്രിതമായി നടത്തിയ കൈയ്യേറ്റശ്രമത്തെ ചെറുക്കാതിരുന്ന പോലീസ് അധികാരികളുടെ നടപടി പ്രതിഷേധാർഹമാണ്. തൃക്കുന്നത്ത് സെമിനാരി സംഭവത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരത്ത് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടന്ന പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ. ബാവാ. കോടതി വിധി അനുസരിക്കാതെ കോടതിയെപ്പോലും പുച്ഛിക്കുന്നതരത്തിൽ പ്രസ്താവനകളിറക്കുന്ന വിഘടിതവിഭാഗം ശ്രേഷ്ഠ ബാവായുടെ നീക്കം സർക്കാർ തടയണമെന്ന് പ. ബാവാ ആവശ്യപ്പെട്ടു. ഓർത്തഡോക്സ് സഭ ഇത്തരം അനീതിയ്ക്കെതിരെ ശക്തമായി മുന്നോട്ടുപോകും. മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമാണ് ആലുവാ തൃക്കുന്നത്ത് സെമിനാരി. സെമിനാരിക്ക് ഭദ്രാസന ആസ്ഥാന മന്ദിരവും (അരമന) അതിനോട് ചേർന്ന് ചാപ്പലും (സെമിനാരിപ്പള്ളിയും) ഉണ്ട്. പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനി മലങ്കര മെത്രാപ്പോലീത്തായായി ഭരണം നിർവ്വഹിക്കുന്ന കാലത്താണ് സെമിനാരിയുടെ പണി ആരംഭിക്കുന്നത്. കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കായായ, വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ) ആയിരുന്നു സെമിനാരി യുടെ പണികൾക്ക് നേതൃത്വം നൽകിയത്.

1907 നവംബർ 2-ാം തീയതി വരെ കടവിൽ മാർ അത്താനാസ്യോസ് തിരുമേനി അങ്കമാലി ഭദ്രാസന ചുമതല നിർവ്വഹിച്ചു. പിന്നീട് കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസ്യോസും ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ താമസിച്ചു. സമുദായക്കേസിന്റെ സമയത്ത് പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി അന്ത്യോഖ്യൻ പക്ഷത്തോട് ചായ്വ് പ്രകടിപ്പിച്ചിരുന്നു. എന്നാൽ 1958-ലെ സുപ്രീംകോടതി വിധിയോടെ സമുദായക്കേസ് അവസാനി

(ശേഷം ഏഴാം പേജിൽ)

പ്രതിഷേധദിനം ആചരിച്ചു

കുഴിമറ്റം: അനധികൃതമായി ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ യാക്കോബായ വിഭാഗത്തിന് പ്രവേശനാനുമതി നല്കിയ സർക്കാർ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഓർത്തഡോക്സ് സഭ തിരുവനന്തപുരത്ത് നടത്തിയ സമാധാനപരമായ സെക്രട്ടറിയേറ്റ് മാർച്ചിൽ വൈദീകരെയും സഭാ വിശ്വാസികളെയും ക്രൂരമായി മർദ്ദിച്ച പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം ഫെബ്രുവരി 18-ന് പ്രതിഷേധദിനമായി ആചരിച്ചു. ഫാ. ജയ് സഖറിയ, രഞ്ജു കെ. മാത്യു, ഗീവർഗീസ്. സി. ആർ, രാജ് ഫിലിപ്പ്, പി. ജെ. കുര്യൻ, ജോബി. പി. ചെറിയാൻ, ഹാൻസ് ബാബു, റ്റിന്റു തോമസ് എന്നിവർ പ്രസംഗിച്ചു.

യാക്കോബായസഭ സമർപ്പിച്ച രേഖകൾ വ്യാജം: യുവജനപ്രസ്ഥാനം

കോട്ടയം: ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെതെന്ന് അവകാശപ്പെട്ട് ശ്രേഷ്ഠ കാതോലിക്കാ അഭ്യന്തര മന്ത്രിക്ക് സമർപ്പിച്ചത് വ്യാജ രേഖയാണെന്ന് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര കമ്മറ്റി അഭിപ്രായപ്പെട്ടു.

തൃക്കുന്നത്ത് പള്ളിയുടെ അവകാശം സംബന്ധിച്ച് വിവിധ കോടതികളിൽ നൽകിയ 10 കേസുകളിലും ദയനീയ പരാജയം ഏറ്റുവാങ്ങിയ യാക്കോബായ സഭാനേതൃത്വം വ്യാജരേഖകളായി ഇപ്പോൾ രംഗത്ത് വന്നിരിക്കുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ്.

1958ലെ സുപ്രീംകോടതി വിധിയോടുകൂടി മലങ്കര സഭയിലെ സ്ഥാപരജംഗമ വസ്തുക്കളുടെ പൂർണ്ണ അവകാശം മലങ്കര മെത്രാപ്പോലീത്തായ്ക്കാണ്. മലങ്കര മെത്രാപ്പോലീത്താ നിയമിക്കുന്ന മെത്രാപ്പോലീത്താ യാണ് ആലുവ തൃക്കുന്നത്ത് പള്ളിയിൽ താമസിച്ച് ഭരണം നടത്തി വരുന്നത്. തർക്കത്തിൽ ഇരിക്കുന്ന ആലുവാ തൃക്കുന്നത്ത് സെമിനാരി അങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമാണ്. ഇടവക പള്ളിയല്ല, ചാപ്പലാണ് ഇത് സംബന്ധിച്ച് വ്യക്തമായ കോടതിവിധിയുള്ളതാണ്.

1934 ലെ ഭരണഘടന അനുസരിച്ച് ഭദ്രാസന വസ്തുക്കളുടെ മേൽ സ്വന്തമെന്ന നിലയിൽ വിൽപത്രം എഴുതാൻ ഭദ്രാസന മെത്രാപ്പോലീത്താമാർക്ക് യാതൊരു അധികാരവും ഇല്ല. 2002 ൽ പുതിയ സഭ ഉണ്ടാക്കുകയും സ്വയം കാതോലിക്കാ ആയി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള തോമസ് ദീവന്നാസിയോസിനെ കോടതിവിധി ലംഘിച്ചു കൊണ്ട് തൃക്കുന്നത്ത് സെമിനാരിയിൽ പ്രവേശിപ്പിച്ച സർക്കാർ നിലപാടിൽ കമ്മറ്റിയോഗം പ്രതിഷേധം രേഖപ്പെടുത്തി.

തിരുവനന്തപുരത്ത് സഭാ വിശ്വാസികൾക്ക് നേരെ പോലീസ് നടത്തിയ ലാത്തിചാർജ്ജിൽ യുവജനപ്രസ്ഥാനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. സഭാവിശ്വാസികളുടെ പേരിൽ എടുക്കുന്ന കള്ളകേസുകൾ പിൻവലിക്കണമെന്ന് യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. പോലീസ് നടപടിയിൽ പ്രതിഷേധിച്ച് 18-ാം തീയതി ഞായറാഴ്ച പ്രതിഷേധ ദിനമായി ആചരിച്ചു.

യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ: കോശി ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഫാ: വർഗീസ് വർഗീസ്, ഫാ: കോരത് ചെറിയാൻ, ഫാ. നൈനാൻ പി. കുര്യാക്കോസ്, എ. കെ. ജോസഫ്, അലക്സ് മണപ്പുറത്ത്, ബിജു പി. പന്തപ്ലാവ്, സാം വർഗീസ്, ജേക്കബ് മണ്ണുമ്മൂട്, രഞ്ജു കെ. മാത്യു, അനിൽ കെ. തോമസ് എന്നിവർ പ്രസംഗിച്ചു.

സെന്റ് ജോർജ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം
കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2006-07

പ്രസിഡന്റ്

ഫാ. ജയ് സഖറിയാ മൂലക്കാട്ട്

വൈസ് പ്രസിഡന്റ്

പി. ജെ. കുര്യൻ, പാലമൂട്ടിൽ

ജോബി. പി. ചെറിയാൻ, പട്ടശ്ശേരിൽ

സെക്രട്ടറി

ഗീവർഗീസ് സി. ആർ, ചിറപ്പുറത്ത്

ജോയിന്റ് സെക്രട്ടറി

ഹാൻസ് ബാബു പട്ടശ്ശേരിൽ

റ്റിന്റു തോമസ്, വയലാറ്റ്

ട്രഷറർ

ബിനു ഏബ്രഹാം കാരാണിക്കുളം

കമ്മറ്റിയംഗങ്ങൾ

അനൂപ് വർഗീസ്, തൈയ്യിൽ

റിറ്റു ഫിലിപ്പോസ്, പാച്ചിറ

സിജിത്ത് കുന്നപ്പള്ളി, നീലഞ്ചിറ

മീട്ടു ജേക്കബ് ആൻഡ്രൂസ് കൊട്ടുപള്ളി

സിജോ കുര്യൻ, മാന്തടത്തിൽ

ജിബു ബാബു, പട്ടശ്ശേരിൽ

കലാസാഹിത്യവേദി കൺവീനർ

രാജ് ഫിലിപ്പ്, മുതലകേരിൽ

ജോയിന്റ് കൺവീനർ

സഞ്ചു തോമസ്, പുലിപ്രാ

പള്ളി മാനേജിംഗ് കമ്മറ്റിയംഗം

രാജ് ഫിലിപ്പ് മുതലകേരിൽ

എഡിറ്റർ

രഞ്ജു കെ. മാത്യു,
കരോട്ട് പുത്തൻപുരയ്ക്കൽ

പള്ളം ഗ്രൂപ്പ് പ്രതിനിധി

ഗീവർഗീസ്. സി. ആർ, ചിറപ്പുറത്ത്

ലൈബ്രേറിയൻ

സജിൻ. പി. സാജൻ, പട്ടശ്ശേരിൽ

ഓഡിറ്റേഴ്സ്:

ജോർജ് മാത്യു എണ്ണശേരിലായ
എരുത്തമത്താനം

ജിജോമോൻ. പി. എസ്. പാറപ്പറമ്പിൽ

ജോർജിയൻ

രക്ഷാധികാരി

ഫാ. ജയ് സഖറിയ

എഡിറ്റർ

രഞ്ജു കെ. മാത്യു,
കരോട്ട് പുത്തൻപുരയ്ക്കൽ

എഡിറ്റോറിയൽ ബോർഡ്

രാജ്ഫിലിപ്പ്, മുതലകേരിൽ

ഹാൻസ് ബാബു, പട്ടശ്ശേരിൽ

മീട്ടു ജേക്കബ് കൊട്ടുപ്പള്ളിൽ

ലോയ്സ് അന്നാ റോബി കാരാണിക്കുളം,

ബിൻസി മോൾ കുറിയാക്കോസ്

നേര്യന്തറ മാമ്മൂട്ടിൽ,

'ഡാൻ ബ്രൗണിന് സത്യവിശ്വാസം തകർക്കാനാവില്ല'

ലോയ്സ് അന്നാ റോബി കാരാണിക്കുളം



യുവാക്കളുടെ ക്രിസ്തുവിലുള്ള വിശ്വാസത്തെ ശോഷിപ്പിക്കുവാൻ ഡാൻ ബ്രൗണിന്റെ ഡാവിഞ്ചി കോഡ് എന്ന നോവലിനു സാധിച്ചു എന്ന പ്രസ്താവന കഴിഞ്ഞ കുറെ നാളുകളായി നാം കേൾക്കുന്നു.

യഥാർത്ഥ ഓർത്തഡോക്സ് വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതിന് ഒരു പ്രസക്തിയുമില്ല. ഒരു കുറ്റാന്വേഷണ കഥയായി ഇതിനെ ചിലർ വ്യാഖ്യാനിക്കുമ്പോൾ വിശ്വാസത്തിനു തകർച്ച സംഭവിക്കുവാൻ കാരണമാവുന്ന ഒന്ന് എന്ന നിലയിൽ മറ്റു ചിലർ ഇതിനെ വീക്ഷിക്കുന്നു.

ഭാരതീയന് വായനയോടുള്ള കമ്പം പോലെ ഒന്ന് പാശ്ചാത്യനില്ല. നാം വായിക്കുവാൻ പാശ്ചാത്യരുടെ ബെസ്റ്റ് സെല്ലറുകൾ തന്നെ തെരഞ്ഞെടുക്കുന്നതിനു കാരണം അവയിൽ അസാധാരണമായത് എന്തോ ഉണ്ട് എന്ന മിഥ്യാബോധത്തിലാണ്. ബ്രൗൺ ഭാവനയിൽ മുൻപന്തിയിൽ തന്നെ എന്നു പറയാം. വിപണന തന്ത്രം മനസ്സിലാക്കി പ്രവർത്തിക്കുന്നവൻ എന്ന നിലയ്ക്ക് ഇങ്ങനെയുള്ളവർ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഒരു മുതൽക്കൂട്ടാവാം. ഡാവിഞ്ചി കോഡിനെക്കുറിച്ച് കേട്ടപ്പോൾ പാശ്ചാത്യനില്ലാത്ത ഒരു വ്യഗ്രത നിന്നിൽ ഉണ്ടായതിനു കാരണം മുകളിൽ പ്രസ്താവിച്ചതാണ് എന്നു കരുതാം. ഇതിനർത്ഥം പുസ്തകങ്ങൾ വായിക്കരുത് എന്നല്ല. പുസ്തകത്തിലെ നന്മ സ്വീകരിക്കുകയും മിച്ചം വരുന്നത് മറന്നുകളയുകയും വേണം.

ഡാവിഞ്ചി തന്റെ അന്ത്യത്താഴ ചില കോഡുകൾ ചേർത്തിരിക്കുന്നു എന്നും നിഗൂഢമായ ആ കോഡുകളുടെ അർത്ഥതലങ്ങളിലേയ്ക്ക് നാം ഇറങ്ങിച്ചെന്നാൽ ഞെട്ടിപ്പിക്കുന്നതായ പല സത്യങ്ങളും നമുക്ക് മനസ്സിലാക്കാം എന്നും ബ്രൗൺ തന്റെ കഥാപാത്രത്തിലൂടെ പറയുന്നു.

ഡാവിഞ്ചിയുടെ അന്ത്യത്താഴം എന്ന ചിത്രത്തിൽ യേശുവിന്റെ വലത്തുഭാഗത്ത് മഗ്ദലന മറിയമാണ് എന്ന് എഴുത്തുകാരൻ സമർത്ഥിക്കുന്നു. സ്ത്രീ വിരോധിയായ പത്രോസ് മഗ്ദലന മറിയത്തെ വകവരുത്തുവാൻ ശ്രമിച്ചിരുന്നുവെന്നും, അന്ത്യത്താഴ ചിത്രത്തിൽ ഒരു കൈ അജ്ഞാതമാണ്. അതിന് ശരീരമില്ല. അത് കഠാര ഏന്തിയതാണ് എന്നും മറ്റും സൂചിപ്പിക്കുന്നു. ഇത്രയും നോവലിസ്റ്റിന്റെ ഭാവന മാത്രം എന്നു മനസ്സിലാക്കുക.

ഒരു ചോദ്യം: അന്ത്യത്താഴ സമയത്ത് യേശുവിന്റെ പ്രിയശിഷ്യൻ യോഹന്നാൻ എവിടെയായിരുന്നു എന്ന് രേഖപ്പെടുത്തുവാൻ ഡാവിഞ്ചി മറന്നോ? ഡാവിഞ്ചി കണ്ടുകൊണ്ടല്ല അതു വരച്ചത് എന്ന് വ്യക്തം. അദ്ദേഹം ബൈബിൾ വിവരണങ്ങളെ അടിസ്ഥാനമാക്കിയാകാം വരച്ചത്. കാരണം അദ്ദേഹം ക്രിസ്തുവിനു ശേഷം 1452 ആണ്ടുകൾക്കു ശേഷമുള്ളയാളായിരുന്നു. മറ്റൊരു വിവരണ സഹായി ലഭിക്കാനുള്ള യാതൊരു സാദ്ധ്യതയും അക്കാലത്തില്ലായിരുന്നു എന്ന് സാമാന്യബുദ്ധിയിൽ നിരൂപിക്കാം.

സുവിശേഷങ്ങൾ യേശുവിന്റെ നല്ല പ്രവൃത്തിമാത്രം കണക്കിലെടുത്ത് എഴുതിയിരിക്കുന്നുവെന്നും യേശു മഗ്ദലന മറിയത്തെ വിവാഹം ചെയ്തുവെന്നു സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും കഥാകൃത്ത് പറയുമ്പോൾ എന്തുകൊണ്ട് യേശു യെരുശലേം ദേവാലയത്തിൽ ചെന്ന് രോഷാകുലനായി അവിടെയുണ്ടായിരുന്ന സകലതും നശിപ്പിക്കുന്ന സംഭവം വേദപുസ്തകത്തിൽ രേഖപ്പെടുത്തി എന്നത് മറ്റൊരു ചോദ്യം. കത്തോലിക്കാ സഭയെ താഴ്ത്തിക്കെട്ടുന്ന പല വിശദീകരണങ്ങളും നോവലിൽ കാണാം.

ഇതെക്കുറിച്ച് കേട്ടപ്പോൾ എന്റെ വിശ്വാസത്തെ തകർക്കുവാൻ പ്രാപ്തമായ എന്തെങ്കിലും ഇതിൽ ഉണ്ടോ എന്നു ഞാൻ ചിന്തിച്ചു ആ വിശ്വാസത്തിന് ഒരു കോട്ടവും സംഭവിക്കരുതേ എന്ന പ്രാർത്ഥനയോടെ വായിക്കാനാരംഭിച്ചു. ഒരു ഫിക്ഷൻ വായിക്കുന്നു എന്ന സ്വബോധത്തോടെ.

(ശേഷം ആറാം പേജിൽ)

മതിലുകളെ ദുർഗ്ഗമാക്കി മാറ്റിയ വിശുദ്ധൻ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

പള്ളിയിൽ മണിമലയാറിന്റെ തീരത്തു ജനിച്ചുവളരുകയും പമ്പയാറിനാൽ പരിസേവിതമായ പരുമലയിൽ ഏലിയാവിനൊപ്പം ഏലിശാ കഴിഞ്ഞതുപോലെ ജീവിക്കുകയും ഒടുവിൽ മീനച്ചിലാറിന്റെ തീരത്തെ പഴയ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുകയും സഭയെ നയിക്കുന്ന വാടക ഗുണ്ടകളുടെയും അവർക്കു പിൻ ബലം നൽകിയ ശക്തന്മാരുടെയും പടപ്പുറപ്പാടുകളെ തടയുകയും വധഭീഷണിയുടെ പശ്ചാത്തലത്തിൽ വേദനകളുടെ നദിക്കരയിൽ നിദ്രാരഹിതമായ നിശകൾ തള്ളിനീക്കുകയും ചെയ്ത വട്ടശ്ശേരിൽ തിരുമേനി ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ദൈവത്തിന്റെ മാലാഖമാരുടെ കാവലിൽ ആയിരുന്നു എന്നു കാലം തെളിയിച്ചു. അദ്ദേഹത്തെ എതിർത്തവരെല്ലാംതന്നെ - ദൈവത്തിന്റെ അഭിഷിക്തനെതിരേ വാളെടുത്തവരെല്ലാം തന്നെ - നിരാശയുടെയും ധനനാശത്തിന്റെയും പടുകുഴിയിൽ സൽപേരു കളഞ്ഞു കുളിച്ച് നിപതിച്ചു എന്നു സഭാചരിത്രം വലിയ അക്ഷരങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വിദേശസഭകൾ, വിശിഷ്യ അന്ത്യോക്യൻസഭ മലങ്കരസഭയെ വിഴുങ്ങാൻ ശ്രമിച്ചു. ഇതെല്ലാമായിട്ടും മലങ്കരസഭ ഇന്നും തലയുയർത്തി സ്വതന്ത്രമായി നിലകൊള്ളുന്നു. ഇതിഹാസ തുല്യമായ ഈ ചരിത്രാവലോകനത്തിന്റെ പശ്ചാത്തലത്തിൽ വേണം പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ പരോക്ഷമായും പ്രത്യക്ഷമായും മലങ്കരസഭയെ നയിച്ച, അല്ല ഭരിച്ച വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കാണാൻ. മലങ്കരസഭ പണ്ടു മുതലേ ഒരു പടക്കളമാണ്. ശത്രുക്കളും മിത്രങ്ങളും നേരിട്ടും കോടതി മുഖേനയും ഏറ്റുമുട്ടുന്ന ഒരു സമരാങ്കണം. ഒടുവിൽ കടമ്പകൾ കടന്ന് സത്യം ജയിക്കുന്നതും മലങ്കരസഭ ഒരിക്കൽ നഷ്ടപ്പെടുത്തിയ ആത്മീയ പരമാധികാരം കാതോലിക്കേറ്റിലൂടെ വീണ്ടെടുക്കുന്നതും ഭൗതികാധികാരങ്ങൾ നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതും സഭയ്ക്ക് അന്യൂനമായ സ്വാതന്ത്ര്യം ലഭിക്കുന്നതുമാണു സ്മര്യപുരുഷന്റെ കാലത്തെ വലിയ നേട്ടം. മുക്കാൽ നൂറ്റാണ്ടു നീണ്ട തിരുമേനിയുടെ ധന്യ ജീവിതവും ധർമ്മ സമരങ്ങളും ആത്മാഭിമാനത്തിന്റെ തിളയ്ക്കുന്ന ചോര ഒഴുകുന്ന സിരകളുള്ള മലങ്കര സഭാംഗങ്ങൾക്കു രോമഹർഷദായകമാണ്. കുശാഗ്രബുദ്ധിയും മനീഷിയുമായ ആ വലിയ ഇടയന്റെ അനുഗ്രഹാശ്ശിസുകൾ മനനം ചെയ്യണം. ഇന്നത്തെ തലമുറയ്ക്കുവേണ്ടി സാഗരസമാനമായ ആ ജീവിതത്തെ ഏതാനും കുടങ്ങളിലൊതുക്കാനുള്ള ശ്രമം പലരും നടത്തിയിട്ടുണ്ട്, അതൊന്നും വേണ്ടത്ര വിജയിച്ചിട്ടില്ല.

വട്ടശ്ശേരിൽ തിരുമേനിയുടെ എതിരാളികൾ പോലും അദ്ദേഹത്തിൽ യാതൊരു കുറ്റവും ആരോപിച്ചിട്ടില്ല. പഠിപ്പിക്കുമ്പോൾ ശൈമ്മാശന്മാരെ മൂത്രം ഒഴിക്കേണ്ടി വരുന്നതുവരെ അടിക്കുമായിരുന്നു എന്നായിരുന്നു അബ്ദുള്ളാ പാത്രിയർക്കീസ് കണ്ടുപിടിച്ച കുറ്റം. കോങ്കണ്ണും കൈവിറയലും കുറ്റത്തിനു വേണ്ടി കണ്ടുപിടിച്ച മറ്റൊരു കുറ്റമായിരുന്നു. കോങ്കണ്ണു ദൈവം നൽകിയതാണല്ലോ. ഇക്കാരണത്താൽ പട്ടത്വം പോകുമെങ്കിൽ അവസാനനാളുകളിൽ കണ്ണുകാണാൻ വയ്യാതെ വന്ന് അന്ത്യവിശ്രമരംഗത്തെത്താതെപോയ അബ്ദുള്ളാ പാത്രിയർക്കീസിന്റെ പട്ടത്വവും നഷ്ടപ്പെടുകയില്ലേ എന്ന ചോദ്യം പലരും ചോദിക്കാറുണ്ടെങ്കിലും രണ്ടിനും ദൈവശാസ്ത്രത്തിന്റെ പിന്തുണയില്ലെന്നുള്ളതാണു സത്യം. ചില പ്രത്യേക പ്രശ്നങ്ങളെ മുൻനിർത്തി മെത്രാപ്പോലീത്തായോടു ഉൾത്തിരക്കുണ്ടായിരുന്ന കെ. സി. മാമ്മൻ മാപ്പിള, തിരുമേനിയുടെ വലിയ ആരാധകനായ കഥ, തിരുമേനി കാലം ചെയ്ത ശേഷം എഴുതിയ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. അതു വായിക്കുന്നവർക്ക് ഇരുവരും എത്രമാത്രം ഉന്നതവ്യക്തികളായിരുന്നു എന്നു പെട്ടെന്നു പിടികിട്ടും.

ജീവിച്ചിരിക്കുമ്പോൾതന്നെ പരിശുദ്ധനായി പരിഗണിക്കപ്പെട്ട വട്ടശ്ശേരിൽ തിരുമേനിയുടെ വിശുദ്ധീകരണ പ്രഖ്യാപന ശുശ്രൂഷാ ദിവസമായ 2003 ഫെബ്രുവരി 24-നു പഴയ സെമിനാരിയിൽ ഭാഷാ പണ്ഡിതൻ കൂടിയായ ഡോ. യാക്കോബ് മാർ ഐറേ നിയോസ് ചെയ്ത സുദീർഘ സുന്ദരമായ - കാവ്യാത്മകമായ - പ്രഭാഷണ പ്രവാഹത്തിലെ ഏതാനും കണികകൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനത്തിനു വിരാമമിടട്ടെ. "വട്ടശ്ശേരിൽ തിരുമേനി മഹാഭാഗ്യവാനും ഏറ്റവും അധികം ദുർഗതികളെ നേരിട്ട ആളുമായിരുന്നു. ഏറ്റവും അധികം ധൈര്യം സംഭരിക്കുവാൻ സാധിക്കുന്നത് വിശുദ്ധിയിൽ വളരുന്നവർക്കു മാത്രമാണ്. ഇതുതന്നെയാണു വട്ടശ്ശേരിൽ പിതാവിലും കാണുന്നത്. "നിങ്ങളുടെ ശരീരത്തെ നശിപ്പിക്കുവാൻ കഴിയുന്നവനെ നിങ്ങൾ ഒന്നും ഭയപ്പെടേണ്ട. നിങ്ങളുടെ ശരീരത്തെയും ആത്മാവിനെയും നിഹനിക്കുവാൻ കഴിയുന്നവനെ നിങ്ങൾ ഭയപ്പെട്ടുകൊള്ളണം" എന്നു കർത്താവു പറയുന്നു.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ നിറം എന്താണെന്നു ചോദിച്ചാൽ അതു മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഹൃദയരക്തത്തിന്റെ ചുവപ്പു നിറമാണ്. ....

സമ്പൂർണ്ണ സ്വതന്ത്ര അധികാരമുള്ള കാതോലിക്കേറ്റില്ലാത്ത ഒരു സഭയെക്കുറിച്ചു ചിന്തിക്കാൻ ആകുമോ? സ്വപ്നം കാണാൻ ആകുമോ? മിക്കവാറും മഹാപുരുഷന്മാർ സ്ഥാപനങ്ങളോടൊപ്പം വളരും. അവരേക്കാൾ വലുത് സ്ഥാപനങ്ങളായി വന്നേക്കാം. ഇവിടെ മറിച്ചാണു സംഭവിച്ചത്. സ്ഥാപനങ്ങളേക്കാൾ മുകളിൽ മഹാമേരു പോലെ ഉയർന്നു നിന്ന ആളാണ് വട്ടശ്ശേരിൽ തിരുമേനി." ❑

ആനുകാലികം

തൃക്കുന്നത്ത് സെമിനാരിയും പള്ളിയും മലങ്കരസഭയുടെ പൈതൃകസ്വത്ത്

ജോർജിയൻ ടീം

1880- ലാണ് ആലുവാ തൃക്കുന്നത്ത് സെമിനാരിയും പള്ളിയും പണിയുന്നത്. 1892-ലാണ് സെമിനാരി കെട്ടിടം പണിയുന്നത്. അന്ന് മലങ്കരസഭയിലെ പാത്രിയർക്കീസ് ഓർത്തഡോക്സ് കക്ഷി വഴക്കില്ല മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന അമ്പാട്ട കൂറിലോസ്, കടവിൽ അത്താനാസ്യോസ്, കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കാ വള്ളിക്കാട്ട് ബാവാ) എന്നിവരാണ് സെമിനാരിയുടെയും പള്ളിയുടേയും പണിക്ക് നേതൃത്വം നൽകിയത്. മലങ്കരസഭയിലെ പള്ളികളിൽ നിന്ന് ഈ പണികൾക്ക് പിരിവും നടത്തിയിട്ടുണ്ട്. സ്ഥാപനകാലം മുതൽ ഇന്നുവരെ മലങ്കര സഭയുടെ അങ്കമാലി ഭദ്രാസനാസ്ഥാനമാണ് തൃക്കുന്നത്ത് സെമിനാരി.

ആലുവാ തൃക്കുന്നത്ത് സെമിനാരി ഇടവകപള്ളി ആക്കണമെന്നു പ്രഖ്യാപിക്കണമെന്നുള്ള പാത്രിയർക്കീസ് വിഭാഗത്തിന്റെ വാദം പള്ളിക്കോടതി തള്ളിക്കളഞ്ഞു. ആലുവാ തൃക്കുന്നത്ത് സെമിനാരിയോടു ചേർന്നുള്ള പള്ളി ഒരു ഇടവകപള്ളിയല്ല. അത് മെത്രാപ്പോലീത്തായുടെ ആസ്ഥാന ദേവാലയവും മെത്രാപ്പോലീത്തായുടെ അരമനയോടു ചേർന്ന ചാപ്പലും മാത്രമാണ്. സെമിനാരിയും അരമനയും അതിനോടു ചേർന്ന പള്ളിയും ഭദ്രാസന മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള സ്ഥാപനമാണ് എന്ന് 055/1981 എന്ന നമ്പരിലുള്ള പള്ളിക്കോടതി ഒന്നാം ക്ലാസ് അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതിയുടെ 2003 മാർച്ച് 31-ലെ വിധിയിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഈ വിധി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് പാത്രിയർക്കീസ് വിഭാഗം ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഹൈക്കോടതി സ്റ്റേ അനുവദിച്ചില്ല.

മലങ്കര ഓർത്തഡോക്സ് സഭയുടെ പൂർണ്ണ ഉടമസ്ഥതയിലും, നിയന്ത്രണത്തിലുമുള്ള ആലുവാ തൃക്കുന്നത്ത് സെമിനാരിയും പള്ളിയും എന്തുവില കൊടുത്തും സംരക്ഷിക്കും. ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വിവിധ കോടതികളിലായി നടന്ന പത്തു കേസുകളിലും പാത്രിയർക്കീസ് വിഭാഗം പരാജയപ്പെടുകയാണുണ്ടായത്.

പാത്രിയർക്കീസ് (യാക്കോബായ) വിഭാഗത്തിൽപ്പെട്ട പുരോഹിതന്മാരും, മേല്പട്ടക്കാരും, സെമിനാരിയിൽ പ്രവേശിച്ച് മതപരമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് കോടതി നിരോധനം നിലവിലുണ്ട്.

കോടതികളിൽ പരാജയപ്പെട്ടപ്പോൾ നീതിന്യായ വ്യവസ്ഥകളെ വെല്ലുവിളിച്ചു കൊണ്ട് കയ്യേറ്റത്തിന് ശ്രമിക്കുന്നു. അതിന് ഭരണാധികാരികൾ കൂട്ടുനിൽക്കുവാൻ പാടില്ല. കഴിഞ്ഞ മുപ്പത്തിയാറു വർഷമായി ഇതുപോലെ ഒരു കയ്യേറ്റം നടന്നിട്ടില്ല. കഴിഞ്ഞ കാലങ്ങളിൽ മാറിവന്ന എൽ. ഡി. എഫ്., യു. ഡി. എഫ്, സർക്കാരുകൾ തൃക്കുന്നത്ത് സെമിനാരിയിൽ ഓർത്തഡോക്സ് സഭയുടെ അവകാശം സംരക്ഷിച്ചുണ്ട്. എന്നാൽ ഈ ജനുവരി 25-ാം തീയതി ഗവൺമെന്റ് നിയമലംഘനത്തിന് കൂട്ടുനിന്നു. മുൻ മുഖ്യമന്ത്രിയുമായും ജില്ലാഭരണകൂടവുമായും ഇരുകക്ഷികളും ചേർന്ന് ചർച്ച ചെയ്ത് ഉണ്ടാക്കിയ ഉടമ്പടിയാണ് ഗവൺമെന്റ് ഏകപക്ഷീയമായി ലംഘിച്ചത്.

2007 ജനുവരി 23-ാം തീയതി ചൊവ്വാഴ്ച എറണാകുളം ജില്ലാ കലക്ടർ വിളിച്ചുചേർത്ത യോഗത്തിൽ കോടതി ഉത്തരവുകളും ഇപ്പോൾ നിലവിലുള്ള സ്റ്റാറ്റസ്കോയും 23-07-05 ൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഉണ്ടാക്കിയ ധാരണകളും നിലനിർത്തണമെന്നാണ് ഓർത്തഡോക്സ് സഭ ആവശ്യപ്പെട്ടത്. ഇവയെല്ലാം നിലനിർത്തുമെന്ന ഉറപ്പ് ജില്ലാ ഭരണാധികാരികളിൽ നിന്നും, മന്ത്രിമാരടക്കമുള്ള എല്ലാ ഉന്നതരിൽ നിന്നും 25-ാം തീയതി വൈകിട്ടുവരെ ലഭിച്ചിരുന്നു.

ഗവൺമെന്റ് നൽകിയിട്ടുള്ള ഉറപ്പുകൾ പാലിക്കുമെന്ന് സഭാ മക്കൾ വിശ്വസിച്ചിരുന്നപ്പോൾ യാതൊരു മുന്നറിയിപ്പുമില്ലാതെ 25-ാം തീയതി വൈകിട്ട് 7 മണിക്കുശേഷം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായേയും മെത്രാപ്പോലീത്താമാരേയും വൈദികരേയും ജനങ്ങളേയും സെമിനാരി ഗെയിറ്റ് അടച്ച് അക്ഷരാർത്ഥത്തിൽ ബന്ധനസ്ഥരാക്കി, കോടതിനിരോധനമുള്ള ശ്രേഷ്ഠ ബാവാ തോമസ് പ്രഥമനെയും മെത്രാപ്പോലീത്താമാരേയും വമ്പിച്ച പോലീസ് കാവലിൽ പോലീസ് അകമ്പടിയോടുകൂടി കബറിങ്കൽ കയറി പ്രാർത്ഥിക്കുവാൻ അനുവദിച്ച ഗവൺമെന്റ് നടപടി അപലപനീയമാണ്. അതിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

തൃക്കുന്നത്ത് സെമിനാരിയിലെ അനധികൃത കയ്യേറ്റത്തിന് ഇപ്പോഴത്തെ രണ്ടു മന്ത്രിമാരും, മൂന്ന് എം. എൽ. എ. മാരും ഒത്താശ ചെയ്തുകൊടുത്തതായാണ് ശ്രേഷ്ഠ ബാവായുടെ പ്രസ്താവനയിൽ നിന്നു മനസിലാകുന്നത്. കയ്യേറ്റത്തിനു ശേഷം നടന്ന സമ്മേളനത്തിൽ മന്ത്രി. റ്റി. യു. കുരുവിള, മന്ത്രി ശർമ്മ, എം. എൽ. എ. മാരായ സാജു പോൾ, ബാബു പോൾ, മോനായി തുടങ്ങിയവരുടെ പേരെടുത്ത് പറഞ്ഞ് ശ്രേഷ്ഠ ബാവാ കൃതജ്ഞത പ്രകാശിപ്പിച്ചു. ഈ മന്ത്രിമാരോടും ഇടതുപക്ഷ എം. എൽ. എ. മാരോടും വിശദീകരണം ചോദിക്കേണ്ട ധാർമ്മിക ബാധ്യത മുഖ്യമന്ത്രിക്കുണ്ട്.

എറണാകുളം ജില്ലാ കലക്ടറും ആലുവാ റൂറൽ എസ്. പി. യും ആർ. ഡി. ഒ. യും അവസാന മുഹൂർത്തത്തിൽ തൃക്കുന്നത്ത് സെമിനാരിയിലെത്തി ഗവൺമെന്റ് തീരുമാനമനുസരിച്ച് ശ്രേഷ്ഠ ബാവായേയും കൂട്ടരേയും കബറിങ്കൽ കയറ്റി പ്രാർത്ഥിക്കുവാൻ പോകുന്നു എന്നു പറഞ്ഞു. ഇങ്ങനെ ഒരു നിർദ്ദേശം സർക്കാർ നൽകിയിട്ടില്ല എന്നാണ് ആഭ്യന്തരമന്ത്രി പ്രസ്താവിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ ഈ നടപടിയ്ക്ക് കൂട്ടുനിന്ന ജില്ലാ ഭരണാധികാരികൾക്കെതിരെ കർശന നടപടി ഉണ്ടാകണം.

ആലുവാ തൃക്കുന്നത്ത് സെമിനാരിപോലെ പൂട്ടിക്കിടക്കുന്ന മറ്റു പല പള്ളികളും ഉണ്ട്. 'ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ കോടതിവിധി ഉണ്ടായിട്ടും പാത്രിയർക്കീസ് കക്ഷി കയ്യടക്കിവെച്ചിരിക്കുന്ന കോതമംഗലം പോലുള്ള പള്ളികളുണ്ട്. ആലുവാ തൃക്കുന്നത്ത് സെമിനാരി പ്രശ്നം മാത്രം ഒറ്റയ്ക്കെടുക്കാതെ, പ്രശ്നമുള്ള പള്ളികളെല്ലാം ഒന്നിച്ചെടുത്ത് ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കണം.

പൂട്ടിക്കിടക്കുന്ന പള്ളികൾ തുറക്കണം എന്നു തന്നെയാണ് ഓർത്തഡോക്സ് സഭ യുടെ ആവശ്യം. നിയമലംഘനത്തിനു കൂട്ടു നിൽക്കാതെ ചർച്ചയിലൂടെയും സമവായ ത്തിലൂടെയും ധാരണയുണ്ടാക്കുവാൻ സർ ക്കാർ നേതൃത്വം നൽകണം. നിലവിലുള്ള കോടതിവിധികൾ അടിസ്ഥാനമായി സ്വീകരി ച്ചുകൊണ്ടുള്ള ഏതു ചർച്ചയ്ക്കും ഓർത്ത ഡോക്സ് സഭ തയ്യാറാണ്.

❑

When you intend to indent.....

Geevarghese. C. R

I doze on the desk at dusk
My discreet mind try to dye
On your discrete dimple and
On dimble which was a dome
Due to the dew with your dole,
Which I dow as a dove and doll

I likes you to gloss as hail
To gloze by hale people
To get facility for felicity from you
I eliminate my illumination
You must elicit that it is illicit
Live as humane among human

You can hop when every thing
Goes on as your hopes to be
Try to lead an ideal life
Try not to led idle life
When you intend to indent,
It is important to import in you,

"Indiscreet knight is a liar,
Don't put rod on the road of anyone
Don't sell sail of anyone
When you hear knell;
Kneel on god at here
Then your sole- soul will soar

When you vail as a vale
When you trouped as a troop
When you waive your wave
Which gives you a prize
Which has a prise as a seal
Which was a wail of your zeal

You can patrol as petrol
Practise, to become popular; but
Don't make populous with your practice
Don't try to pare our relationship
When you got a pair
my ingenuous lamb.....nothing else. "

പ്രാർത്ഥനയെക്കുറിച്ചു പത്ത് മഹത് വാക്യങ്ങൾ

1. പ്രാർത്ഥന ശൈശവത്തിലെ ഉത്സാഹവും, യൗവ്വനത്തിലെ ആശ്രയവും, വാർദ്ധക്യത്തിലെ സമാധാനവുമാണ്.

2. പ്രാർത്ഥന സായാഹ്നത്തിന്റെ താഴും പ്രഭാതത്തിന്റെ താക്കോലുമാണ്.

3. പ്രാർത്ഥന ഒരു വിത്താണ്. അതു മുളക്കാൻ സമയമെടുക്കും അതു മുളച്ചു വരും നമുക്കു ഫലം തരും.

4. ആത്മാവിന്റെ ശ്വാസോച്ഛ്വാസമാണ് പ്രാർത്ഥന.

5. എല്ലാ രോഗങ്ങൾക്കുമുള്ള നല്ല ഒരൗഷധമാണ് പ്രാർത്ഥന

6. പ്രാർത്ഥന ഒരു പരിചയമാണ്.

7. ദൈവസ്തുതി, പാപക്ഷമക്കുള്ള യാചന, അപേക്ഷ മറ്റുള്ളവർക്കു വേണ്ടിയുള്ള മദ്ധ്യസ്ഥതാ വിഷയങ്ങൾ വചന ധ്യാനം, ആരാധന ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു സമസ്യയാണു പ്രാർത്ഥന.

8. രക്ഷ എന്ന കോട്ടമതിലിനുള്ളിൽ കടക്കുവാനുള്ള വാതിൽ തുറക്കുന്നതിനുള്ള സ്വർണ്ണതാക്കോലാണ് പ്രാർത്ഥന.

9. പ്രാർത്ഥനയുടെ രഹസ്യം - രഹസ്യ പ്രാർത്ഥനയാണ്.

10. ഹൃദയമില്ലാത്ത വാക്കുകളെക്കാൾ, വാക്കുകളില്ലാത്ത ഹൃദയമാണ് പ്രാർത്ഥനയ്ക്കു നല്ലത്. എന്ന് ഗാന്ധിജിയും പറഞ്ഞിട്ടുണ്ട്.

സമ്പാദക:

അന്നമ്മ കുറിയാക്കോസ്, ചിറപ്പുറത്ത്

എഡിറ്റോറിയൽ

തൃക്കുന്നത്ത് സെമിനാരി പ്രശ്നം സർക്കാർ മാപ്പ് പറയണം

മലങ്കര ഓർത്തഡോക്സ് സഭയുടെ പൂർണ്ണ ഉടമസ്ഥതയിലും അവകാശത്തിലുമുള്ള ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ സർക്കാർ സഹായത്തോടെ വിഘടിത വിഭാഗം മെത്രാപ്പോലീത്താമാർക്കും വിശ്വാസികൾക്കും പ്രവേശനം നൽകിയ നടപടിയിൽ സർക്കാർ മാപ്പ് പറയണം. മുഖ്യമന്ത്രിയോ മുഖ്യമന്ത്രി ചുമതലപ്പെടുത്തുന്ന മന്ത്രിമാരോ പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ച് സംഭവത്തിൽ ഖേദം പ്രകടിപ്പിക്കുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് പ്രതിഷേധ റാലി നടത്തിയ വൈദികരേയും വിശ്വാസികളെയും സർക്കാർ നേരിട്ട രീതി തികച്ചും അപലനീയമാണ്. യാതൊരു പ്രകോപനവുമില്ലാതെ വിശ്വാസികളെയും വൈദികരേയും തല്ലിച്ചതയ്ക്കുവാൻ ഉത്തരവ് നൽകിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണം. ആലുവാ പ്രശ്നവും തിരുവനന്തപുരം ലാത്തിച്ചാർജും അന്വേഷിക്കുവാൻ സിറ്റിംഗ്ജഡ്ജിയെ നിയമിക്കുവാൻ സർക്കാർ തയ്യാറാവണം. ആലുവാ സംഭവത്തിൽ ചില മന്ത്രിമാർക്കും എം. എൽ. എ. മാർക്കും പങ്കുണ്ടെന്ന് ഞങ്ങൾ സംശയിക്കുന്നു. അന്വേഷണപരിധിയിൽ ഈ വിഷയവും ഉൾപ്പെടുത്തണം. കുറ്റക്കാരാണെങ്കിൽ അവരെ പുറത്താക്കുവാൻ മുഖ്യമന്ത്രി തയ്യാറാവണം.

സഭാ ട്രസ്റ്റിയായും സെക്രട്ടറിയായും വൈദികട്രസ്റ്റിയായും സഭയ്ക്ക് പ്രയോജനമുള്ള ആളുകൾ തെരഞ്ഞെടുക്കപ്പെടേണ്ടിയിരിക്കുന്നു. മാനേജിംഗ് കമ്മറ്റിയിലും മാറ്റം അനിവാര്യമാണ്. നല്ല നേതൃത്വത്തെ ലഭിക്കുവാൻ തക്കവണ്ണം അസോസിയേഷൻ അംഗങ്ങൾ പ്രാർത്ഥിക്കുകയും വോട്ടവകാശം ശരിയായി വിനിയോഗിക്കുകയും വേണം.

സഭയുടെ സ്വാതന്ത്രത്തിന് വേണ്ടി നിലകൊണ്ട പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 73-ാം ഓർമ്മപെരുന്നാൾ കോട്ടയം പഴയസെമിനാരിയിൽ ഫെബ്രുവരി 24 ന് സമുചിതമായി നടത്തപ്പെടുകയാണ്. എല്ലാ സഭാ വിശ്വാസികളും പരിശുദ്ധന്റെ കബറിടം സന്ദർശിക്കുകയും മദ്ധ്യസ്ഥത യാചിക്കുകയും വേണം.

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ സപ്തതിയാഘോഷങ്ങൾ ഭംഗിയായി നടക്കുകയാണ്. ആഘോഷ പരിപാടികളോട് സഹകരിക്കുന്ന ഏവർക്കും നന്ദി അറിയിക്കുന്നു.

സസ്നേഹം,
നിങ്ങളുടെ

രഞ്ജു കെ. മാത്യു
(എഡിറ്റർ)

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം അടുത്ത ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ
ജോർജിയൻ
സെന്റ്: ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
കുഴിമറ്റം പി. ഒ. കോട്ടയം - 686533

വേരുകൾ തേടിയുള്ള യാത്ര

ജേക്കബ് സി. കെ., ചിറപ്പുറം

ശരീരചലനങ്ങൾക്കതീതമായ മനസ്സ് എത്ര സുന്ദരമായ നിമിഷങ്ങളാണ് എനിക്ക് സമ്മാനിച്ചിട്ടുള്ളത്. ആഞ്ഞടിക്കുന്ന കാറ്റിനെ കീറിമുറിച്ചു പായുകയാണ് തീവണ്ടി. എനിക്കഭിമുഖമായിരിക്കുന്നവരുടെ ചിന്തകളിലെ മാറ്റങ്ങൾ ഞാനറഞ്ഞിരുന്നില്ല. മുഖത്തേക്ക് ആഞ്ഞുപതിക്കുന്ന വായുകുളിർമയുടെ പനിനീർമഴ പെയ്യുന്നതുപോലെ. എരിയുന്ന കനലിലേക്ക് വെള്ളമൊഴിച്ചതു പോലെ ചക്രവാളം മാറ്റപ്പെടുകയാണ്. സ്വപ്നസുന്ദരമായ വീഥികൾക്കിരുവശവും ചൊരിയുന്ന സ്പന്ദനങ്ങൾ മനസ്സിന് കുളിർമ നൽകുന്നു. തീവണ്ടിയുടെ ചൂളം വിളി പ്രകൃതിയിൽ ലയിച്ച് പ്രതിധ്വനിക്കുന്നു. കലങ്ങിതെളിഞ്ഞ വർഷകാലത്തിന്റെ സ്വാന്തനം പേറി ഒഴുകുന്ന പുഴയ്ക്കു കുറുകേ കടന്നപ്പോൾ തീവണ്ടിയുടെ വേഗത കുറഞ്ഞു വരുന്നതായി തോന്നി. ഏതോ സ്റ്റേഷനിലേക്ക് വണ്ടി പ്രവേശിക്കുകയാണ്. ഒന്നു കുലുങ്ങി നിന്ന വണ്ടിക്കുള്ളിൽ നിന്നും ആളുകൾ പരക്കം പായുന്നു. വർണ്ണങ്ങൾക്കതീതമായ സൗകുമാര്യം പേറിനിൽക്കുന്ന മനുഷ്യർ എത്ര ഒത്തൊരുമലോടെയാണ് ജീവിതമെന്ന സ്വപ്നത്തെ കാണുന്നത്. സമയത്തിന്റെ പരിമിതികൾ അവരുടെ ചലനങ്ങളിൽ കാണാം. എനിക്കഭിമുഖമായിരുന്ന കറുത്തുതടിച്ച മനുഷ്യൻ നിദ്രയിൽ നിന്നും ഞെട്ടി ഉണർന്നു. എന്തോ പുലമ്പിയ അയാളോട് അടുത്തിരുന്നയാൾ എന്തൊക്കെയോ മൊഴിഞ്ഞു. തട്ടി ഉലഞ്ഞ് എഴുന്നേറ്റ അയാൾ വാതിലിലേക്ക് പരക്കം പായുന്നതു കണ്ടു. അയാളുടെ തിടുക്കത്തിലുള്ള പോക്ക് പലരേയും കോപിഷ്ഠരാക്കി. പലരും അയാളോടായി എന്തൊക്കെയോ പറഞ്ഞു. ഇഴഞ്ഞ് ഇരമ്പി പാഞ്ഞ തീവണ്ടി പുതിയ ചിന്തകളിലേക്ക് എന്നെ കൊണ്ടുപോയി. പുതിയ ചിത്രങ്ങൾ മനസ്സിന്റെ ക്യാൻവാസിൽ രൂപപ്പെടുത്തി. മണിക്കൂറുകൾ പിന്നിട്ട വണ്ടി നിറഞ്ഞ വേഗത്തിൽ തന്നെയോടി. എന്റെ രക്തത്തിന്റെ ഗന്ധമുള്ള മണ്ണിലേക്ക് ചുവടുവെച്ചപ്പോൾ നീണ്ടു കൊഴിഞ്ഞ സംവത്സരങ്ങളുടെ പിറകിലേക്ക് ഒരു യാത്ര തുടങ്ങി. പുതുവർഷത്തിന്റെ പിറവിയിൽ തളിരിട്ട ഓർമ്മകൾ മനസ്സിലൊളിപ്പിച്ചു കൊണ്ട്. പുലരിയുടെ വെട്ടത്തിനായി കാത്തിരിക്കുന്ന സർവ്വജാലങ്ങൾ. ഇരുട്ടിന്റെ നൊമ്പരപ്പെടുത്തലുകൾ എന്റെ മണ്ണിൽ ബാധിച്ചിട്ടില്ലെന്ന് തോന്നി. നിലാവിൽ കുളിച്ചുനിൽക്കുന്ന ഭൂപ്രകൃതി. ഒരിക്കലും തിരിച്ചില്ലെന്ന ദൃഢപ്രതിജ്ഞയോടെ വിടവാങ്ങിയിട്ടും നിറംമങ്ങിയ ഓർമ്മകൾ ഒരിക്കൽകൂടി എന്നെ തിരികെ വിളിച്ചു. പടിപ്പുര തുറന്നു തന്നെ കിടക്കുകയാണ്. കോരിചൊരിയുന്ന വെളിച്ചത്തിൽ ആഴ്ന്നുനിൽക്കുന്ന ഗ്രഹത്തിനെ ഒരിക്കലും വർണ്ണിക്കാൻ കഴിയുകയില്ല. ഉമ്മറപടിയിൽ എരിയുന്ന വിളക്കിന്റെ പ്രകാശം എല്ലാം ഒന്നും തന്നെ മറക്കുകയില്ല. വീടിനുള്ളിൽ നിന്നുമുയർന്ന ഭാവസ്തുതികൾ പൊടുന്നനെ നിലച്ചു. മുറ്റത്തുകേട്ട കാൽപെരുമാറ്റം കേട്ടിട്ടാവാം. ഞാൻ വാതിലിന് അഭിമുഖമായി നിന്നു. ജരാനര ബാധിച്ച ഒരാൾ അകത്തുനിന്നും പുറത്തേക്കു വന്നു. ആരാ, എന്താണ് താങ്കൾക്ക് വേണ്ടത് മുൻപ് കണ്ട് പരിചയമില്ലല്ലോ. ചോദ്യങ്ങളുടെ ഒരു നീണ്ട നിരതന്നെ. അയാളുടെ ശബ്ദത്തിന് അവശതയുടെ സ്പർശമുണ്ട്. എന്നിൽ നിന്നും പൊഴിഞ്ഞു വീണ വാക്കുകൾ അയാൾ ആശ്ചര്യത്തോടെ യാണ് ശ്രവിച്ചത്. താങ്കൾ പറഞ്ഞ ആരേയും ഞാനറിയുകയില്ല. മറ്റൊരു നാട്ടിൽ നിന്നുമാണ് ഞാനിവിടെ വന്നു താമസിക്കുന്നത്. ഇത്രയും അയാൾ പറഞ്ഞു കഴിഞ്ഞപ്പോൾ നിസംഗമായ ഒരു മൂളൽ മാത്രമാണ് എന്നിൽനിന്നും ഉതിർന്നുവീണത്. വടക്കനിയിൽ പുരപ്പുറത്തേക്ക് താഴ്ന്നുകിടക്കുന്ന മരക്കൊമ്പുകൾ എന്റെ പ്രായത്തിന്റെ കളിത്തോഴനായിരുന്നു. അതിഥേയത്തിന്റെ നല്ല നാളുകൾ ഞാനറിയാതെ കടന്നുപോയി. മണ്ണിന്റെ മണവും, ബന്ധങ്ങളുടെ ബന്ധനങ്ങളും അഴിക്കപ്പെടലിന്റെ ഉന്മാദത്തിലാണ്. ഇനിയും ഒരു രാത്രിയുടെ പകർത്തീകരണത്തിനായി കാത്തിരിക്കേണ്ടതില്ല. സുഹൃത്തുക്കളും, ബന്ധുക്കളും ഇല്ലാത്തനാട്ടിൽ ആരാണ് എന്നെ തിരിച്ചറിയുക. വിറങ്ങലിച്ചു നിൽക്കുന്ന ചരാചരങ്ങളുടെ പ്രാണന് എന്നാണ് മോചനം ഉണ്ടാകുക. തളർച്ചയുടെ മുഖം മറയ്ക്കാൻ മുൻപോട്ടു തന്നെ നീങ്ങി. എന്തിനായിരുന്നു ഇത്ര തിടുക്കത്തിലുള്ള യാത്ര അറിയില്ല. ഏതോ ബന്ധനങ്ങളുടെ ശബ്ദധ്വനികൾ എനിക്കു ചുറ്റും ചീറിപ്പാഞ്ഞു. ഉറക്കമില്ലാത്ത രാത്രികൾ എന്നെ അലോസരപ്പെടുത്തി. ഇരുട്ടിന്റെ മറവിൽ ആരോ എന്നെ മാടിവിളിക്കുന്നതുപോലെ. പിന്നെ ഒട്ടും വൈകിച്ചില്ല. നാടിന്റെ ഗന്ധത്തിനായി ഒരു യാത്രയുടെ തിടുക്കം. നിശബ്ദത തളംകെട്ടിനിൽക്കുന്ന വീഥികളിലൂടെ തിടുക്കത്തിൽ നടന്നു. നിശയുടെ സുഗന്ധം പേറിനിൽക്കുന്ന ശവക്കല്ലറയിലേക്ക് ഞാൻ കാലെടുത്തു വെച്ചു. നിരന്നു നിൽക്കുന്ന കുരിശുകൾ പാപഭാരമേറിയവരുടെ ശാപമുക്തിക്കല്ല് നിർത്തിയിരിക്കുന്നതുപോലെ. വെണ്ണക്കല്ലിൽ കൊത്തി വെച്ചിരുന്ന പേരുകൾ ബോധ്യപ്പെട്ടു.

രക്തത്തെ തിരിച്ചറിഞ്ഞ നിമിഷം തലകുനിച്ചു. ഇറ്റിറ്റുവീണ കണ്ണീർത്തുള്ളികൾ ഒരു സമർപ്പണത്തിന്റേതായിരുന്നു. ഇനിയും കാല ചക്രം ഇവിടെ എത്തിക്കും എന്നുറച്ചതു പോലെ വീണ്ടും മടക്കയാത്ര. ❑

ജീവതാളത്തിന്റെ അന്തർഭാഗങ്ങളിലൂടെ....

ജോർജ് മാത്യു എണ്ണശ്ശേരിലായ എരുമത്താനം

അതിർവരമ്പുകളില്ലാത്ത ആകാശത്തിന്റെ മേഘപാളികളിൽ എന്നോ എനിക്കന്യമായ സുന്ദരസ്പർശങ്ങൾ തേടി എന്റെ മനസ്സ് ഇടവിടാതെ സഞ്ചരിക്കുകയാണ്. ഹൃദയനൊമ്പരങ്ങൾക്ക് ആശ്വാസവുമായി ഇളംകാറ്റിൽ ഒഴുകിയെത്തുന്ന മാസ്മരിക സംഗീതത്തിനും എന്നെ സ്പർശിക്കുവാനാവുന്നില്ല. മരവിച്ച മനസ്സിനും, ഹൃദയത്തിലലയുന്ന രക്തത്തുള്ളികൾക്കും, ഒഴുകിയകലുന്ന കണ്ണീരിനും പറഞ്ഞറിയിക്കുവാനാവാത്തൊന്ന് നിന്നോട് പറയുവാനുണ്ട്.... തളർന്നുവാടിയ പനിനീർപുഷ്പങ്ങൾ കാലം എനിക്കു സമ്മാനിച്ചപ്പോഴും, ദുഃഖഭാരവും പേറി ഭൂമിയുടെ അനന്തതയിലേക്ക് കണ്ണും നട്ട് ഇലപൊഴിഞ്ഞുണങ്ങിയ തണൽമരത്തിനു ചുവട്ടിൽ ഇന്നും ഞാനിരിക്കുന്നു. കാലം നിന്നെ എന്നിൽനിന്നും പറിച്ചുമാറ്റിയപ്പോഴും ജീവിതത്തിന്റെ അഗാധതയിൽ പകച്ചുനിൽക്കുവാനല്ലാതെ ഒന്നും എനിക്കാവുമായിരുന്നില്ല. ഒരിക്കലും മായ്ച്ചുകളയാനാവാത്തവിധം നിന്റെ രൂപം എന്നിലലിഞ്ഞുചേർന്നിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ ഞാനും എന്റെ മുമ്പിൽ വീണുടഞ്ഞ സ്വപ്നങ്ങളും മാത്രം.....

പുനർജന്മമായി നീ സൃഷ്ടിക്കപ്പെട്ടാലും നീ എന്നെ തിരിച്ചറിയില്ല. നിനക്കു തിരിച്ചറിയുവാനാവില്ല. കാരണം കാലം എപ്പോഴും ദിശതെറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അഗ്നിച്ചിറകുകൾക്കോ ഡാവിഞ്ചികോഡുകൾക്കോ ഭൂമിയുടെ അന്തർഭാഗങ്ങളിൽ ലയിക്കുന്ന സത്യങ്ങളെ മുമ്പോട്ടോ പിമ്പോട്ടോ നയിക്കുവാനാവില്ല. സത്യങ്ങൾ എന്നും പ്രഹേളികയായി അവശേഷിക്കുന്നു. അതിന്റെ ചര്യകൾക്ക് മാത്രം മാറ്റമുണ്ടാവുന്നില്ല. ഐശ്വര്യത്തിന്റെ പൊൻപുലരികൾ ജനിക്കുമ്പോഴും അവ പൂർണ്ണമായി പ്രകാശിക്കുമ്പോഴും.... തമസ്സിന്റെ കഠിനവലയത്തിൽ നിന്നതിന് മോചനമില്ല.... കാരണം എപ്പോഴും കത്തിജ്വലിയ്ക്കുവാൻ ഒരു പ്രകാശഗോപുരത്തിനുമാവില്ല. പൂർണ്ണ സത്യങ്ങൾ കഠിനകരങ്ങളാൽ മൂടപ്പെടുമ്പോൾ രക്തബിംബങ്ങളിൽനിന്ന് വീണ്ടും ദൈവങ്ങൾ പുനർജ്ജനിക്കുന്നു. ഇതെല്ലാം കണ്ടറിഞ്ഞ് നിസ്സഹായതയുടെ നിഴലാട്ടത്തിൽ വീണ്ടും ഞാനും എന്റെ ചിതലരിച്ച സ്വപ്നങ്ങളും മാത്രം.....

പൂർണ്ണ സത്യങ്ങളിൽ മുഖം തിരിച്ചോടുന്ന മനുഷ്യകുലമേ.... നിനക്കായി മഹാരഥന്മാർ ഈ ധരണിയിലലിയാതെ ശേഷിപ്പിച്ച ഈ വിജയമന്ത്രധ്വനികളിൽ

"അസതോമാം സത്ഗമയാ
തമസോമാം ജ്യോതിർഗമയാ
മൃത്യോമാം അമൃതംഗമയാ"

എന്റെ ഹൃദയതരംഗങ്ങൾ ചിന്നിച്ചിതറിയില്ല. താളപ്പിഴകളിലൂടെ ഓടിത്തളർന്ന മനസ്സിന്, കടിഞ്ഞാണിടാൻ വിരുന്നുവന്ന ഈ സൂത്രവാക്യത്തിലൂടെ ഒരുനോക്കു കണ്ണോടിക്കുവാനല്ലാതെ മറ്റൊന്നും എനിക്കാവുമായിരുന്നില്ല. തളർന്നുവാടിയ മിഴികളിൽനിന്ന് ഒരായിരം പളുങ്കുമുത്തുകൾ വീണുടഞ്ഞുകൊണ്ടേയിരുന്നു. ഉത്തരമില്ലാത്ത ചോദ്യങ്ങൾ കത്തുന്ന ഈ ഭൂമുഖത്തെ മൺതരികളിലവശേഷിപ്പിച്ച്, ഒരിക്കലും തിരിച്ചുവരാനാവാത്തവിധം അകന്നുപോയ ജീവതാളവും തേടി ഞാനും എന്റെ സ്വപ്നങ്ങളും അനന്തതയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ❑

ചുറ്റുവട്ടം

ഭരണത്തിനായി...



ഭരണം കൊണ്ട്...

ആശയം: ഗീവർഗീസ് സി. ആർ.
ആവിഷ്കാരം: ജോർജി സി. ആർ.

വാർത്തകൾ

മധുര ജീവിതത്തിന്റെ പ്രകാശമുഖങ്ങളിലേക്ക്

കോട്ടയം: ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെയും കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെയും ആഭിമുഖ്യത്തിൽ "മധുര ജീവിതത്തിന്റെ പ്രകാശ മുഖങ്ങളിലേക്ക്" എന്ന കുടുംബനവീകരണ സെമിനാർ ഫെബ്രുവരി 4 ഞായർ 2 പി. എം. മുതൽ കുഴിമറ്റം പള്ളിയിൽ നടത്തി. ഓർത്തഡോക്സ് കുടുംബസംവിധാനത്തിന്റെ നന്മ സ്വാംശീകരിക്കുവാൻ ക്രമീകരിച്ച ഈ പരിപാടിയിൽ 450-ൽ അധികം പേർ പങ്കെടുത്തു. ഫാ. റ്റി. ജെ. ജോഷ്വാ, ഫാ. തോമസ് പി. സഖറിയ, ഫാ. ജോസഫ് ഒ. ഐ. സി, ഫാ. ജോൺസ് ഏബ്രഹാം, ഡോ. വർഗീസ് പുന്നൂസ്, ഡോ. ഷെറിൻ വർഗ്ഗീസ്, പ്രഫ. പി. സി. ഏലിയാസ്, പ്രഫ. ജേക്കബ് കുര്യൻ ഓണാട്ട്, ഐഷാ ജേക്കബ് ഓണാട്ട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഫാ. ജയ് സക്കറിയാ ജനറൽ കൺവീനറായി പ്രവർത്തിച്ചു.

കുഴിമറ്റം സെന്റ് ജോർജ് വീണ്ടും ജേതാക്കൾ

കുഴിമറ്റം: യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്റ്റ് യൂത്ത് ഫെസ്റ്റിൽ കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം വീണ്ടും ജേതാക്കളായി. 36 പോയിന്റ് നേടിയാണ് ജേതാക്കളായത്. താഴെ പറയുന്നവർ കുഴിമറ്റം സെന്റ് ജോർജിന് വേണ്ടി സമ്മാനങ്ങൾ നേടി.

ജോൺസൺ പി. ഏബ്രഹാം (സിംഗിൾ സോങ്ങ് ഒന്നാം സ്ഥാനം, ഗ്രൂപ്പ് സോങ്ങ് മൂന്നാം സ്ഥാനം), ഗീവർഗീസ് സി. ആർ (പ്രസംഗം രണ്ടാം സ്ഥാനം, ഉപന്യാസ രചന ഒന്നാംസ്ഥാനം, ഗ്രൂപ്പ് സോങ്ങ് മൂന്നാം സ്ഥാനം), സജിൻ സാബു (സിംഗിൾസോങ്ങ് മൂന്നാം സ്ഥാനം, ഗ്രൂപ്പ് സോങ്ങ് മൂന്നാം സ്ഥാനം), ജോർജി. സി. ആർ. (വാട്ടർ കളറിംഗ് രണ്ടാം സ്ഥാനം), സിജിത്ത് കുന്നപ്പള്ളി (കഥാരചനാ രണ്ടാം സ്ഥാനം), അഞ്ജലി ആൻ ഏബ്രഹാം. (സിംഗിൾ സോങ്ങ് ഒന്നാസ്ഥാനം, ഗ്രൂപ്പ് സോങ്ങ് ഒന്നാം സ്ഥാനം), അച്ചു ശോശാ ഏബ്ര ഹാം (സിംഗൾ സോങ്ങ് രണ്ടാം സ്ഥാനം, ഗ്രൂപ്പ് സോങ്ങ് ഒന്നാം സ്ഥാനം), സൈറാ സാറാ ഷാജി (ഗ്രൂപ്പ് സോങ്ങ് ഒന്നാം സ്ഥാനം).

കോട്ടയം ഭദ്രാസന യൂത്ത് ഫെസ്റ്റിന് അഞ്ജലി ആൻ ഏബ്രഹാമിന് സിംഗിൾ സോങ്ങിന് ഒന്നാം സ്ഥാനവും അഞ്ജലി ആൻ ഏബ്രഹാം, അച്ചു ശോശാ ഏബ്രഹാം, സൈറാ സാറാ ഷാജി എന്നിവർക്ക് ഗ്രൂപ്പ് സോങ്ങിന് ഒന്നാം സ്ഥാനവും ലഭിച്ചു.

വിജയികളെ ഫാ. ജയ് സഖറിയായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അനുമോദിച്ചു.

ശുശ്രൂഷക ഗണത്തിലേയ്ക്ക് 8 പ്രസ്ഥാനാഗംങ്ങൾ കൂടി

കുഴിമറ്റം: കുഴിമറ്റം പള്ളി പെരുന്നാളിനോട് അനുബന്ധിച്ച് 9 കുട്ടികളെ ശുശ്രൂഷക ഗണത്തിലേക്ക് ചേർക്കുകയും അവരുടെയെല്ലാം സേവനം ആരാധനാ സമ്പുഷ്ടമാക്കുന്നതിനും സഹായിക്കുന്നു. ദേവലോകം മാനേജർ റവ. ഡോ. ക്രിസ്റ്റഫോറസ് റമ്പാൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മോടിശ്ശേരി വല്യത്തിൽ വിശാൽ അലക്സ്, വയലാറ്റ് റ്റിന്റു തോമസ്, പട്ടശ്ശേരിൽ സജിൻ. പി. സാജൻ, വയലാറ്റ് സുബിൻ വർഗീസ്, പാച്ചിറയിൽ റിറ്റു ഫിലിപ്പോസ്, വാഴച്ചിറയിൽ സന്ദീപ് കെ. തോംസൺ, കുറ്റിക്കൽ നിജു. കെ. ഏബ്രഹാം, പാട്ടത്തിൽ സജിൻ സാബു എന്നീ 8 പ്രസ്ഥാനാഗംങ്ങളെ കൂടാതെ എരുമത്താനത്ത് മിന്റു മാത്യുവും ശുശ്രൂഷക ഗണത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

കുടുംബാരാധനായോഗങ്ങൾ

കുഴിമറ്റം: നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ സപ്തതി ആഘോഷം പ്രമാണിച്ച് ആത്മീയ നവോത്ഥാനം ലക്ഷ്യമാക്കി എല്ലാ വാർഡുകളിലും കുടുംബാരാധനായോഗം നടത്തി. 1-ാം വാർഡിലെ ചിറപ്പുറത്ത് രാജു വർഗീസിന്റെ ഭവനത്തിൽ ബ്രദർ സോണി ഏബ്രഹാം (ഞാലിയാകുഴി ദയറാ) 2-ാം വാർഡിൽ പാച്ചിറയിൽ രാജു ഫിലിപ്പോസിന്റെ ഭവനത്തിൽ ബ്രദർ ഷെറി തോമസ് (ഞാലിയാകുഴി ദയറാ) 3-ാം വാർഡിൽ കുളങ്കരയിൽ ബേബിയുടെ ഭവനത്തിൽ അനീഷ് പ്രകാശ് 4-ാം വാർഡിൽ കൊടുപ്പള്ളിയിൽ കെ. സി. ആൻഡ്രൂസിന്റെ ഭവനത്തിൽ ഫാ. നൈനാൻ പി. കുറിയാക്കോസ് (പ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ്) 5-ാം വാർഡിൽ കരോട്ട് പുത്തൻപുരയ്ക്കൽ ലീലാമ്മ മാത്യുവിന്റെ ഭവനത്തിൽ സാം വർഗീസ് (പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി) 6-ാം വാർഡിൽ പട്ടശ്ശേരിൽ സാ ജൻ പോളിന്റെ ഭവനത്തിൽ വച്ച് ഫാ. തോമസ് പി. സഖറിയാ (പ്രസ്ഥാനം കോട്ടയം ഭദ്രാസന വൈസ്പ്രസിഡന്റ്) എന്നിവർ വചനപ്രഭാഷണത്തിന് നേതൃത്വം നൽകി.

യുവജനവാരാഘോഷവും പിതൃപ്രണാമ നിശയും

കുഴിമറ്റം: നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 2006 സെപ്റ്റംബർ 2 മുതൽ 10 വരെ യുവജനവാരമായിട്ട് ആഘോഷിച്ചു. ഇടവക ട്രസ്റ്റി സി. ജെ. ജോൺ യുവജനപ്രസ്ഥാനം പതാക ഉയർത്തി. യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന ജോയിന്റ് സെക്രട്ടറി രഞ്ജു. കെ. മാത്യു ഉദ്ഘാടനം ചെയ്തു. സിജിത്ത് കുന്നപ്പള്ളിയുടെ നേതൃത്വത്തിൽ ക്വിസ് മത്സരം, അത്തപൂക്കളമൊരുക്കൽ, ഭവനസന്ദർശനം, ഓണാഘോഷ പരിപാടികൾ, കലാകായിക മത്സരങ്ങൾ, ബഥനി ആശ്രമം സന്ദർശനം, പള്ളി ശുചീകരണം, യുവജനദിനാഘോഷം എന്നിവ നടത്തപ്പെട്ടു. യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. നൈനാൻ പി. കുറിയാക്കോസിന്റെ നേതൃത്വത്തിൽ നടന്ന കുടുംബാരാധനായോഗം, ഇടുക്കി ഡാം, കാൽവറി മൗണ്ട്, രാമയ്ക്കൽ മേട്, കുട്ടിക്കാനം തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തിയ പ്രകൃതി പഠനയാത്ര, കോട്ടയം സി. എം. എസ്. കോളേജിലെ അദ്ധ്യാപകനായ കുരുവിള ജോർജിന്റെ വ്യക്തിത്വവികസന ക്ലാസ്സ് എന്നീ പരിപാടികൾ വ്യത്യസ്തമായിരുന്നു.

നമ്മുടെ പള്ളി സ്ഥാപിതമായതിനുശേഷം ആദ്യമായി വി. കുർബ്ബാന അർപ്പിച്ച 1901 സെപ്റ്റംബർ 14 (സ്ലീബാ പെരുന്നാൾ) ന് ആണ്. ഈ സ്മരണ പുതുക്കുവാനും നമ്മളിൽ നിന്ന് വാങ്ങിപോയവരെ ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനുമായി പ്രസ്ഥാനം സെപ്റ്റംബർ 9, 10 തീയതികളിൽ പിതൃപ്രണാമനിശയും ചെറിയ പെരുന്നാളുമായിട്ട് ആഘോഷിച്ചു. ഇടുക്കി ഭദ്രാസന അധിപൻ അഭിവന്ദ്യ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ ദീപാലങ്കാരം നിറഞ്ഞ സന്ധ്യ അനുഗ്രഹീതമായി.

തീർത്ഥാടനങ്ങൾ

കുഴിമറ്റം: മലങ്കരസഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനി കബറടങ്ങിയിരിക്കുന്ന പരുമല പള്ളി, സഭയുടെ രണ്ടാം കാതോലിക്കാ ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവ കബറടങ്ങിയിരിക്കുന്ന വള്ളിക്കാട്ടു ദയറായിലേയ്ക്കും പ്രസ്ഥാനാംഗങ്ങൾ തീർത്ഥാടനം നടത്തി.

വചനാത്മഘോഷം

കുഴിമറ്റം: നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ സപ്തതി ആഘോഷം പ്രമാണിച്ച് നടത്തിയ കുടുംബാരാധനായോഗങ്ങളുടെ സംയുക്ത സമ്മേളനമായി പെരുന്നാളിനോട് അനുബന്ധിച്ച് ഫെബ്രുവരി 1-ാം തീയതി 'വചനാത്മഘോഷം' നടത്തി. വൈദിക സെമിനാരിയിലെ അദ്ധ്യാപകൻ റവ. ഫാ. ജോൺ പണിക്കർ വചന പ്രഭാഷണം നടത്തി.

സ്നേഹസാഹോദര്യജ്വാല

കുഴിമറ്റം: മതസൗഹാർദ്ദവും സ്നേഹവും ഭാരതത്തിൽ നിലനിർത്തിപ്രവർത്തിക്കുന്നതിനായി യുവജനപ്രസ്ഥാനം സ്നേഹസാഹോദര്യജ്വാല നടത്തി. മെഴുകു തിരികൾ കത്തിച്ചുകൊണ്ട് പ്രസ്ഥാനാംഗങ്ങൾ മതസൗഹാർദ്ദത്തിനായി പ്രതിജ്ഞ ചൊല്ലി. റിറ്റു ഫിലിപ്പോസ് കൺവീനറായി പ്രവർത്തിച്ചു.

70-ാം വർഷത്തിൽ 70 അംഗങ്ങൾ

കുഴിമറ്റം: നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ 70-ാം വർഷത്തിൽ 70 യുവതീയുവാക്കൾ പ്രസ്ഥാനത്തിൽ അംഗത്വം നേടി. 51 യുവാക്കളും 19 യുവതികളും ഉള്ളതിലെ അക്രൈസ്തവ സാന്നിധ്യം പ്രശംസനീയമാണ്.

അനുമോദനം



കുഴിമറ്റം: കോട്ടയം ജില്ലാ ഹയർസെക്കൻഡറി കലോത്സവത്തിൽ മാപ്പിളപാട്ടിന് 1-ാം സ്ഥാനവും സംസ്ഥാനതലത്തിൽ ബി ഗ്രേഡും നേടിയ പ്രസ്ഥാനം ജോയിന്റ് സെക്രട്ടറി കൂടിയായ റ്റിന്റു തോമസിനെ ഫാ. ജെയ് സഖറിയായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അനുമോദിച്ചു.

ഹെവൻലി നൈറ്റ് 2006

കുഴിമറ്റം: നമ്മുടെ യുവജനപ്രസ്ഥാനം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ 2006 ഡിസംബർ 26-ാം തീയതി 'ഹെവൻലി നൈറ്റ് 2006' എന്ന ക്രിസ്തുമസ് - പുതുവത്സര പരിപാടി നടത്തി. യുവജനപ്രസ്ഥാനം യൂണിറ്റ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 'എയർടെൽ - സ്റ്റാർ വിജയ്' സൂപ്പർ സിംഗർ നിഖിൽ മാത്യു മുഖ്യാതിഥിയായിരുന്നു. ജിബു ബാബു, ഗീവർഗീസ് സി. ആർ എന്നിവർ പ്രസംഗിച്ചു.

നമ്മുടെ ഇടവകയിൽ 2006 വർഷത്തിൽ വ്യക്തിഗത മികവുകൾ നേടിയ സിജിത്ത് കുന്നപ്പള്ളി (യുവജനപ്രസ്ഥാനം കേന്ദ്ര കവിതാരചനയ്ക്ക് രണ്ടാം സ്ഥാനം) റ്റിന്റു തോമസ് (സംസ്ഥാന ഹയർ സെക്കണ്ടറി കലോത്സവത്തിൽ മാപ്പിളപ്പാട്ടിന് എ. ഗ്രേഡ്), സൂസൻ കുറിയാക്കോസ് (എം. ജി. യൂണിവേഴ്സിറ്റി ബി. എസ്. സി. പരീക്ഷ യ്ക്ക് നാലാം റാങ്ക്), ഷെറിൻ സൂസൻ പോൾ (കേരള സർവ്വകലാശാലയിൽ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ അഞ്ചാം റാങ്ക്) എന്നിവർക്ക് ജോസഫ് അച്ചൻ അവാർഡ് വിതരണം നടത്തി.

ക്രിസ്തുമസ് ഗാനാലാപനം, യൂത്തസ് പ്രെയർ, ടാബ്ലോ, സ്കിറ്റ്, മിമിക്സ്, സിനിമാറ്റിക് ഡാൻസ് ഫാഷൻ ഷോ, ക്ലാസിക്കൽ ഡാൻസ് തുടങ്ങിയ വിവിധ തരത്തിലുള്ള വ്യത്യസ്തപരമായ പരിപാടികൾ നടത്തപ്പെട്ടു. ജിബു ബാബു കൺവീനറായും ജിജോമോൻ പി. എസും ബിനു ഏബ്രഹാമും ജോയിന്റ് കൺവീനർമാരായും സേവനമനുഷ്ഠിച്ചു.

റിപ്പബ്ലിക്ക് ദിനാഘോഷം

കുഴിമറ്റം: നമ്മുടെ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ റിപ്പബ്ലിക്ക് ദിനാഘോഷം നടത്തി. പള്ളം ബ്ലോക്ക് മെമ്പർ അഡ്വ. ജോണി ജോസഫ് ദേശിയ പതാക ഉയർത്തി.

പള്ളം ഗ്രൂപ്പ് സമ്മേളനം

കുഴിമറ്റം: യുവജനപ്രസ്ഥാനം പള്ളം ഗ്രൂപ്പിന്റെ 2006-07 വർഷത്തിലെ 3-ാമത് യോഗം നമ്മുടെ പള്ളിയിൽ വച്ച് ഗ്രൂപ്പ് പ്രസിഡന്റ് ഫാ. സി. എ. വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. യൂണിറ്റ് പ്രസിഡന്റ് ഫാ. ജെയ് സഖറിയാ സമ്മേളനം ഉദ്ഘാടനം ചെയ്തു. രഞ്ജു. കെ. മാത്യു, രാജ് ഫിലിപ്പ്, ആൻസൺ കുര്യൻ, ഗീവർഗീസ് സി. ആർ എന്നിവർ പ്രസംഗിച്ചു.

കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം സംഘടിപ്പിക്കുന്ന

കവിതാരചന മത്സരം

നിബന്ധനകൾ

- ❑ 15 വയസ്സിനും 35 വയസ്സിനുമിടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം.
- ❑ മത്സരത്തിന് പ്രത്യേക വിഷയമില്ല, കവിതകൾ 20 വരിയിൽ കവിയരുത്.
- ❑ പേരും വിലാസവും ഫോൺ നമ്പരും മറ്റൊരു പേപ്പറിൽ എഴുതി പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റും സ്കൂൾ/ കോളേജ് പ്രിൻസിപ്പാൾ/ യുവജനപ്രസ്ഥാനം യൂണിറ്റ് പ്രസിഡന്റ് / സെക്രട്ടറിയുടെ സാക്ഷ്യപത്രവും കവിതയോടൊപ്പം സമർപ്പിക്കേണ്ടതാണ്
- ❑ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നല്കുന്നതാണ്
- ❑ മത്സരഫലത്തെ സംബന്ധിച്ചു ജഡ്ജിംഗ് കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് 9447161156, 9947945518
എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

കവിതകൾ മാർച്ച് 31- ന് മുൻപായി താഴെ പറയുന്ന വിലാസത്തിൽ അയച്ചു തരിക:

സെക്രട്ടറി, യുവജനപ്രസ്ഥാനം, സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്
കുഴിമറ്റം, കോട്ടയം, പിൻകോഡ് 686533

സത്യവിശ്വാസം തകർക്കാനാവില്ല

(രണ്ടാം പേജിൽ നിന്നും തുടർച്ച)

ഒരു കാര്യം മനസ്സിലായി. ഡാൻ ബ്രൗൺ തന്റെ പ്രശസ്തിക്കായി തനിക്ക് ലഭിച്ച മുഴുവൻ സ്വാതന്ത്ര്യവും വിനിയോഗിച്ചു. ഇങ്ങനെയൊരു കഥ മെനഞ്ഞ് അയാൾ നന്നായി സമ്പാദിച്ചു. എങ്കിലും ക്രിസ്ത്യാനിക്ക് ഇത് ഒരു വെല്ലുവിളിയായി എടുക്കാം.

നിഖ്യ മുതൽ തുടങ്ങുന്ന തർക്കങ്ങൾ ഇന്ന് ഡാവിഞ്ചി കോഡിന്റെ രൂപത്തിൽ ഉയരുന്നു എന്നു കാണാം. ഇവയെ അതിജീവിച്ചവരാണ് നാം അടങ്ങുന്ന ഈ സഭ. ഇതു നമ്മുടെ വിശ്വാസത്തെ തകർക്കയില്ല എന്നു തീർച്ച. കാരണം അറിയോസിനെയും മാസിഡോണിയസ്സനിനെയും അടക്കാൻ സാധിച്ചുവെങ്കിൽ ബ്രൗണിനെയും അടക്കാം. ഒരു നോവലിസ്റ്റ് അയാളുടെ യുക്തിയും ഭാവനയും അനുസരിച്ച് മനസ്സിൽ തോന്നിയത് എഴുതുന്നു. അതിനെ ആ വീക്ഷണക്കോണിലൂടെ ദർശിച്ചാൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടാവുകയില്ല. ഒരു സിനിമ കണ്ടതിനു ശേഷം ജീവിതം മുഴുവൻ അതിലെ കഥാപാത്രത്തിന്റെ ദുഃസ്ഥിതിയെ ചൊല്ലി നീ കരയുമോ? പൂർണ്ണ ഓർത്തഡോക്സ് വിശ്വാസിയായ യുവാവിന് ഒരു തരത്തിലും വിശ്വാസ ക്ഷതത്തിന് ഇത് അവസരമൊരുക്കുകയില്ല എന്നതു തീർച്ച.

ഡാൻ ബ്രൗണിലൂടെ യേശു നിന്റെ വിശ്വാസം പാറമേൽ പണിത വീടിനോടാണോ അഥവാ ഉറപ്പില്ലാത്ത വീടിനോടാണോ സദൃശ്യം എന്ന് നോക്കുന്നു.

നിന്റെ ജീവിതത്തിൽ ഓരോ നിമിഷവും നിനക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ അവനിൽ നിന്നാണ് എന്നു നീ അറിയുക. ഇക്കാര്യം ബോധ്യമായവന് ബ്രൗൺ ഒരു തരത്തിൽ ഉപകാരമാണ് ചെയ്യുന്നത്. നിന്റെ വിശ്വാസത്തെ ഉറപ്പിക്കുവാനും യേശുവിനെക്കുറിച്ച് പഠിക്കുവാനും മനസ്സിലാക്കാനും ഇത് അവസരമൊരുക്കുന്നു. ഓർക്കുക, യേശു പാപികളുടെ രക്ഷയ്ക്കായി ലോകത്തിൽവന്ന് മരിച്ച് ഉയർത്തെഴുന്നേറ്റിരിക്കുന്നു. ഇത് എന്നാളും നിലനിൽക്കുന്ന വിശുദ്ധ സത്യം.

●

● *മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.*

● *ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.*

● *കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.*

● *വൈദികർ നല്ലവണ്ണം പ്രാർത്ഥിക്കണം. ആളുകളിൽ പ്രാർത്ഥനാശീലം വളർത്തണം. ഇക്കാര്യത്തിന് എവിടെയും ഊന്നൽ കൊടുക്കണം.*

● *പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.*

● *വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.*

– പാമ്പാടി തിരുമേനി

കായികം

പ്രതീക്ഷകളേറെ.....

ഹാൻസ് ബാബു, പട്ടശ്ശേരിൽ

1983 മുതൽ 2007 വരെ 24 വർഷത്തെ അന്തരം ഉണ്ടെങ്കിലും ഇത്തവണയും ലോക കപ്പ് സ്വപ്നങ്ങൾക്ക് പ്രതീക്ഷ നൽകി ഇന്ത്യൻ ടീം കരീബിയൻ മണ്ണിലേയ്ക്ക് പോകുകയാണ്. വീണ്ടും ക്രിക്കറ്റ് മാമാങ്കത്തിന് തുടക്കം. വീണ്ടും ഒരു ലോകകപ്പ് കിരീടം ഇന്ത്യൻ ക്രിക്കറ്റിന് സ്വന്തമാകുമോ....?

സ്വന്തം നാട്ടിൽ നേടിയ രണ്ട് പരമ്പര വിജയത്തിന്റെ ആത്മവിശ്വാസത്തിലാണ് രാഹുൽ ദ്രാവിഡിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ടീം കരീബിയൻ മണ്ണിൽ പോരാട്ടത്തിനിറങ്ങുക. ഇത്തവണയും ഫോമിൽ തിരിച്ചെത്തിയ ബാറ്റിങ്ങ് നിരയാണ് ഇന്ത്യയുടെ കരുത്ത്. ഗാംഗുലി, സച്ചിൻ, ദ്രാവിഡ് എന്നിവരുടെ പരിചയ സമ്പത്ത് ഇന്ത്യൻ ബാറ്റിംഗ് നിരയുടെ കരുത്തെങ്കിൽ സഹീർ ഖാൻ, അജിത്ത് അഗാർക്കർ, അനിൽ കുംബ്ലെ, ഹർഭജൻ സിംഗ് എന്നിവരുടെ പരിചയസമ്പത്ത് ബൗളിംഗ് നിരയുടെ ശക്തി.

ആദ്യമായി ലോക കപ്പ് ടീമിലെത്തുന്ന കേരളത്തിന്റെ സ്വന്തം ശ്രീ, പാതിമലയാളിയായ റോബിൻ ഉത്തപ്പ, വെടിക്കെട്ട് ധോനി, ഓൾ റൗണ്ടർ പഠാൻ, പുത്തൻ പ്രതീക്ഷയായ ദിനേശ് കാർത്തിക്, വേഗവുമായി മുനാഫ് പട്ടേൽ എന്നിവരും ഇന്ത്യൻ പ്രതീക്ഷകളുടെ ഭാരം ചുമക്കുകയാണ്. ഫോമിനായി അലയുന്ന സേവാഗും പരുക്കിന്റെ പിടിയിൽനിന്നുമെത്തിയ യുവരാജും അടങ്ങുന്ന ടീം ഇന്ത്യയ്ക്ക് 105 കോടി ജനങ്ങളുടെ പ്രാർത്ഥനാ ശക്തിയാണ്.

2007 ലോകകപ്പിന് സാധിച്ചില്ലെങ്കിൽ ഇന്ത്യയ്ക്ക് ഇനി കാത്തിരിക്കേണ്ടി വരും.... ഇന്നല്ലെങ്കിൽ പിന്നെ എന്ന്??? എന്ന ചോദ്യമുണ്ട്. കാരണം തകർന്നുകൊണ്ടിരിക്കുന്ന ഓസ്ട്രേലിയ.... ഭാഗ്യമില്ലാത്ത ദക്ഷിണാഫ്രിക്ക.... തമ്മിത്തല്ലുമായി എത്തുന്ന പാക്കിസ്ഥാൻ..... പരാജയ ഭാരവുമായി ശ്രീലങ്ക.... ആതിഥേയത്വത്തിന്റെ സമ്മർദ്ദവുമായി വെസ്റ്റ് ഇൻഡീസ്.... ആഷസ് പരമ്പരയുടെ പരാജയവുമായി ഇംഗ്ലണ്ട്.... അമിതാത്മവിശ്വാസവുമായി ന്യൂസലാൻഡ്.... ഇതൊക്കെയാണെങ്കിലും ക്രിക്കറ്റിൽ ഓരോരുത്തർക്കും അവരവരുടെ ദിനങ്ങളുണ്ട്. അന്ന് എന്തായിരിക്കും, എങ്ങനെയായിരിക്കും അവിടെയാണ് വിജയം.

ഇന്ത്യയ്ക്ക് 2007 ലെ ലോക കപ്പ് നേടാൻ സാധിക്കുമെന്ന് വിശ്വസിക്കാം. കാരണം ആദ്യമായും അവസാനമായും ഇൻഡ്യ ലോക കപ്പ് നേടിയത് 1983-ൽ..... അന്ന് ഇൻഡ്യൻ ടീമിൽ മലയാളിയായിരുന്ന സുനിൽ വാൽസൺ ഉണ്ടായിരുന്നു.... പിന്നീട് 2007 ലാണ് ഇന്ത്യൻ ടീമിൽ മലയാളി സാന്നിദ്ധ്യം ഉണ്ടാവുന്നത്..... കേരളത്തിന്റെ സ്വന്തം ശ്രീ.....

.....മലയാളി സാന്നിദ്ധ്യം ഇല്ലാതിരുന്നതാണോ ഇന്ത്യയ്ക്ക് ലോക കപ്പ് നേടി തരാൻ സാധിക്കാതിരുന്നത്.... നമുക്ക് കാണാം... പ്രാർത്ഥിക്കാം... പ്രതീക്ഷിക്കാം...

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചരിത്രം

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടന്ന തീയതിയും സ്ഥലവും അദ്ധ്യക്ഷന്റെ പേരും പ്രധാന തീരുമാനങ്ങളും താഴെ കൊടുക്കുന്നു.

1. 8-9-1873. പരുമല. യൂയാക്കീം മാർ കൂറിലോസ് & പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II. അസോസ്യേഷൻ രൂപീകരണം, മാനേജിംഗ് കമ്മിറ്റി, നിയമാവലി.

2. 27-30 ജൂൺ 1876. മുളന്തുരുത്തി. പത്രോസ് III, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II. അസോസ്യേഷൻ; മാനേജിംഗ് കമ്മിറ്റി ഇവ ഉറപ്പിച്ചു; ധനാഗമ മാർഗ്ഗങ്ങൾ തീരുമാനിച്ചു.

3. 27-30 ജനുവരി 1877. വെളിയനാട്. പത്രോസ് തൃതീയൻ. പ്രതിനിധി കൾ യോഗം ബഹിഷ്കരിച്ചു.

4. 18-2-1878. പരുമല. പുലിക്കോട്ടിൽ ദ്വിതീയൻ. പുതിയ കമ്മിറ്റി. നവീക രണക്കേസ്. പണപ്പിരിവ്.

5. 26-4-1879. പുതുപ്പള്ളി. പുലിക്കോട്ടിൽ ദ്വിതീയൻ. പള്ളികൾ 4 ക്ലാസ്. പിരിവ് നിശ്ചയിച്ചു.

6. 11-13 സെപ്റ്റംബർ 1886. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. പള്ളിവരുമാനം 5% പൊതുവിന്. കോനാട്ട് യോഹന്നാൻ മല്പാൻ, കുന്നുംപുറത്ത് കോര ഉലഹന്നാൻ കൂട്ടുട്രസ്റ്റിമാർ.

7. 30-31 മാർച്ച് 1892. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. 24 കമ്മിറ്റി അംഗങ്ങൾ. നടപടിക്രമം (കമ്മിറ്റിയുടെ).

8. 21-23 നവംബർ 1895. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. കോനാട്ട് മാത്തൻ മല്പാനെ ട്രസ്റ്റിയായി തിരഞ്ഞെടുത്തു.

9. 24, 25 ഏപ്രിൽ 1901. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. സി. ജെ. കുരിയൻ ട്രസ്റ്റി. പുതിയ 24 പേർ. മലങ്കര മെത്രാന്റെ ജൂബിലി ആഘോഷിക്കും.

10. 27-2-1908. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. വട്ടശ്ശേരിൽ റമ്പാൻ, കൊച്ചുപറമ്പിൽ റമ്പാൻ, മെത്രാൻ തെരഞ്ഞെടുപ്പ്. 26 പുതിയ അംഗങ്ങൾ.

11. 25-27 നവംബർ 1909. പഴയസെമിനാരി. അബ്ദുള്ളാ II പാത്രിയർ ക്കീസ്. ലൗകീകാധികാരം - തീരുമാനമില്ല.

12. 7-9-1911. കോട്ടയം എം. ഡി. വട്ടശ്ശേരിൽ ദീവന്നാസ്യോസ്. പാലപ്പിള്ളിൽ മാണി പൗലൂസ് അച്ചൻ, ചിറക്കടവിൽ കൊച്ചുകോരുള ട്രസ്റ്റിമാർ.

13. 4-9-1930. പഴയസെമിനാരി. വട്ടശ്ശേരിൽ ദീവന്നാസ്യോസ്. മെത്രാൻ സ്ഥാനാർത്ഥികൾ. 36 കമ്മിറ്റിക്കാർ. ഭരണഘടനാ കമ്മിറ്റി.

14. 10-7-1931. എം. ഡി. വട്ടശ്ശേരിൽ ദീവന്നാസ്യോസ്. എറികാട്ട് ജോസഫ് ട്രസ്റ്റി.

15. 26-12-1934. എം. ഡി. ഗീവറുഗീസ്സ് II കാതോലിക്കാ. ബാവായെ മലങ്കര മെത്രാനാക്കി. ഭരണഘടന അംഗീകരിച്ചു. 60 കമ്മിറ്റിക്കാർ. 1. മെത്രാൻ സ്ഥാനാർത്ഥി. 10 പേർ വർക്കിംഗ് കമ്മിറ്റി. കാതോലിക്കാനിധി.

16. 17-5-1951. എം. ഡി. ഗീവറുഗീസ്സ് II. ഭരണഘടനാ ഭേദഗതി. 2 മേല്പട്ടസ്ഥാനി.

17. 26-12-1958. പുത്തൻകാവ്. ഗീവറുഗീസ്സ് II. കമ്മിറ്റി 66 + 15 പേർ.

18. 16-8-1959. എം. ഡി. ഗീവറുഗീസ്സ് II. മണലിൽ അച്ചൻ, ഉപ്പൂട്ടിൽ ഏബ്രഹാം ട്രസ്റ്റിമാർ. മറുഭാഗം മെത്രാന്മാരെ സ്വീകരിച്ചു.

19. 17-5-1962. നിരണം. ഗീവറുഗീസ്സ് II. കമ്മിറ്റി 72 പേർ. 18 നോമിനേഷൻ. ഔഗേൻ മാർ തീമോത്തിയോസ് പിൻഗാമി.

20. 28-12-1965. എം. ഡി. ഔഗേൻ ബാവാ. ടി. എം. ഏബ്രഹാം കോറി ട്രസ്റ്റി. 5 പേർ മേല്പട്ടം. കമ്മിറ്റി (86+22).

21. 31-12-1970. എം. ഡി. ഔഗേൻ I. മാർ അത്താനാസ്യോസ് പിൻഗാമി. കമ്മിറ്റി (86+22).

22. 7-10-1974. നിരണം. മാത്യൂസ് മാർ ഈവാനിയോസ്. 5 മെത്രാച്ചന്മാർ. കമ്മിറ്റി (86+22).

23. 16-5-1977. മാവേലിക്കര. മാത്യൂസ് I കാതോലിക്കാ. 5 മെത്രാന്മാർ.

24. 1-5-1980. എം. ഡി. മാത്യൂസ് I. പിൻഗാമി. പി. സി. ഏബ്രഹാം ട്രസ്റ്റി. കമ്മിറ്റി (90+24).

25. 28-12-82. തിരുവല്ല. മാത്യൂസ് I. കോനാട്ട് ഏബ്രഹാം മല്പാൻ ട്രസ്റ്റി. 5 മെത്രാന്മാർ.

26. 23-10-85. എം. ഡി. മാത്യൂസ് I. മാനേജിംഗ് കമ്മിറ്റി (90+24).

27. 29-12-87. എം. ഡി. മാത്യൂസ് I. ഫാ. മത്തായി നൂറനാൽ വൈദികട്രസ്റ്റി.

28. 28-12-89. പത്തനംതിട്ട. മാത്യൂസ് I. 5 മെത്രാന്മാർ. കമ്മിറ്റി 108+30.

29. 10-9-92. പരുമല. മാത്യൂസ് II കാതോലിക്കാ. പിൻഗാമി. 2 മെത്രാന്മാർ.

30. 26-5-94. പരുമല. മാത്യൂസ് II. കമ്മിറ്റി (108+30).

31. 20-3-2002. പരുമല. മാത്യൂസ് II. കാതോലിക്കാ സ്ഥാനം സ്ഥിരീകരിച്ചു. കമ്മിറ്റി (108+30). മളീമറ് നിരീക്ഷകൻ.

32. 10-6-2004. പരുമല. മാത്യൂസ് II. വൈദികട്രസ്റ്റി. 4 മെത്രാന്മാർ.

33. 21-9-2006, 12-10-2006. പരുമല. ദിദിമോസ് I കാതോലിക്കാ. പിൻഗാമിയെ തെരഞ്ഞെടുത്തു.

ഉപകാര സ്മരണ

വി. യൂദാ ശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാ ശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കും വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേയുടെ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാ ശ്ലീഹായേ, അങ്ങയുടെ കൂടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുകയും അങ്ങേയുടെ സ്തുതികളെ ഞാൻ സദാ ഓർക്കുമെന്നും അങ്ങയുടെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

മേരി തോമസ്, പുത്തൻ പുരയ്ക്കൽ കുഴിമറ്റം

പ്രതിഭാവേദി

മലയാള സാഹിത്യത്തിന് പ്രതീക്ഷയായി റെയ്നി

അഖില കേരള ബാലജനസഖ്യം കോട്ടയം ജില്ലാ സാഹിത്യ രചനാ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ മലയാള ചെറുകഥയ്ക്ക് ഒന്നാം സ്ഥാനം നേടിക്കൊണ്ട് പാട്ടത്തിൽ റെയ്നി തോമസ് മലയാള സാഹിത്യത്തിലെ തന്റെ പ്രതീക്ഷകൾക്ക് വർണ്ണശോഭ നൽകി.

പാട്ടത്തിൽ പി. ഐ. തോമസിന്റെയും അച്ചാമ്മ ചാക്കോയുടെയും രണ്ടാമത്തെ പുത്രിയായ റെയ്നി സാഹിത്യത്തോടൊപ്പം പഠന രംഗത്തും തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. എസ്. എസ്. എൽ. സി. ക്ക് 11 എ പ്ലസ്സുമായി 93% നേടിയ റെയ്നി പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയുടെ തയാറെടുപ്പിലാണ്. കഠിന പ്രയത്നവും ഈശ്വരാനുഗ്രഹവുമാണ് മകളുടെ വിജയത്തിന്റെ രഹസ്യമെന്ന് മാതാപിതാക്കൾ പറയുമ്പോൾ മാതാപിതാക്കളുടെ പ്രോത്സാഹനമാണ് തന്റെ ശക്തിയെന്ന് റെയ്നി.

വായനയിലും കവിതാ രചനയിലും ഒഴിവു സമയം നീക്കിവെയ്ക്കുന്ന റെയ്നി ചെറുപ്പം മുതല്ക്കേ സംഗീതത്തിനും രചനാ മത്സരങ്ങളിലും ധാരാളം സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട്. കത്തോലിക്കാ സഭ കേരള മാകെ നടത്തിയ ചവറ സ്കോളർഷിപ്പ് പരീക്ഷയിൽ 'എ' ഗ്രേഡും റെയ്നി നേടിയിട്ടുണ്ട്.

കോട്ടയം സെന്റ് ആൻസിൽ പ്ലസ് ടൂവിൽ സയൻസിന് പഠിക്കുന്ന റെയ്നിക്ക് ഭാവിയിൽ നല്ലൊരു എഞ്ചിനിയർ ആകണമെന്നാണ് ആഗ്രഹം. യുവജനപ്രസ്ഥാനാംഗമായ റെയ്നിയുടെ ഏക സഹോദരി കാരിത്താസ് ഹോസ്പിറ്റലിൽ നേഴ്സിംഗ് വിദ്യാർത്ഥിനിയായ രശ്മി തോമസാണ്.

-സജിൻ പി. സാജൻ
ജോൺസൺ പി. ഏബ്രഹാം

ലോയിസ് ഒരതുല്യ പ്രതിഭ

അഖില കേരള ബാലജനസഖ്യം കോട്ടയം ജില്ലാ സാഹിത്യ രചനാ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ ഇംഗ്ലീഷ് ഉപന്യാസ രചനയ്ക്ക് മൂന്നാം സ്ഥാനവും കവിതാ രചനയ്ക്ക് രണ്ടാം സ്ഥാനവും നേടിക്കൊണ്ട് കാരാണിക്കുളത്ത് ലോയിസ് അന്നാ റോബി തന്റെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിലുള്ള കഴിവ് ഒരിക്കൽ കൂടി വ്യക്തമാക്കി. ഹെവൻലി നൈറ്റിൽ അവതാരകയായിരുന്ന ലോയിസിന്റെ ഇംഗ്ലീഷ് ഇടവകാംഗങ്ങൾക്ക് സുപരിചിതമാണ്.



കാരാണിക്കുളത്ത് റോബി ഏബ്രഹാമിന്റെയും മിനിയുടെയും മകളാണ് ലോയിസ്. എസ്. എസ്. എൽ. സി.യ്ക്ക് എല്ലാ വിഷയങ്ങളിലും എ - പ്ലസുമായി 94% നേടി. ലോയിസിനെ പ. ദിദിമോസ് ബാവാ സഭയുടെ അവാർഡു നൽകി ആദരിച്ചു. സണ്ടേസ്കൂൾ പത്താം ക്ലാസ്സിൽ ഇടവകയിൽ ഒന്നാം സ്ഥാനവും കുറിച്ചി ഡിസ്ട്രിക്റ്റിൽ രണ്ടാം സ്ഥാനവും ലോയിസ് നേടി.

സ്കൂൾ, ജില്ലാ തലങ്ങളിൽ ശാസ്ത്രമേളയ്ക്ക് സമ്മാനങ്ങൾ നേടിയിട്ടുള്ള ലോയിസിന് 8-ാം ക്ലാസിൽ വച്ച് കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ശാസ്ത്രമേളയ്ക്ക് പങ്കെടുക്കുവാനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 6, 8 ക്ലാസുകളിൽ വച്ച് കോട്ടയം ജില്ലാ ശാസ്ത്രമേളയ്ക്ക് ഒന്നാം സ്ഥാനം നേടിയ ലോയിസിന് ഭാവിയിൽ ശാസ്ത്രജ്ഞയാകാനാണ് താല്പര്യം.

നിരവധി രാജ്യങ്ങളുടെ സ്റ്റാമ്പ് ശേഖരണമുള്ള ലോയിസ് നല്ലൊരു ഗാന ആസ്വാദക കൂടിയാണ്. പഠന രംഗത്തും ശാസ്ത്ര രംഗത്തും കൂടാതെ ഫാബ്രിക്ക് പെയിന്റിംഗ് പദ്യപാരായണം, ഉപന്യാസ രചനയ്ക്കും ലോയിസ് സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട്. ചെറുപ്പത്തിൽ നല്ലൊരു കായിക താരവുമായിരുന്നു ലോയിസ്.

ചെത്തിപ്പുഴ ക്രിസ്തുജ്യോതിയിൽ പന്ത്രണ്ടാം ക്ലാസിൽ സയൻസിന് പഠിക്കുകയാണ് ലോയിസ്. കുഴിമറ്റം വൈ. എം. സി. എ. ബാലജനസഖ്യത്തിന്റെ സജീവ പ്രവർത്തകയായ ലോയിസ് യുവജനപ്രസ്ഥാനാംഗം കൂടിയാണ്. ലെവിൻ റോബി ഏബ്രഹാമാണ് ഏക സഹോദരൻ.

-റ്റിന്റു തോമസ്
മീട്ടു ജേക്കബ് ആൻഡ്രൂസ്

ഓർത്തഡോക്സ് സഭയെ തളർത്താൻ ശ്രമിച്ചാൽ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ക്കുകയും തുടർന്ന് മലങ്കരസഭയിൽ സമാധാനം ഉണ്ടാവുകയും ചെയ്തു. സഭാ സമാധാനകാലയളവിൽ വലിയപറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായായി ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ താമസിക്കുകയും ഭരണം നിർവ്വഹിക്കുകയും ചെയ്തു.

1966-ൽ അങ്കമാലി മെത്രാപ്പോലീത്തായായിരുന്ന ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തതിനുശേഷം മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടനപ്രകാരം മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ ഭദ്രാസനത്തിന്റെയും സെമിനാരിയുടെയും ഭരണം ഏറ്റെടുത്തു. 1967 ജനുവരി മാസം 4-ാം തീയതി സഭാഭരണഘടനപ്രകാരം ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അങ്കമാലി ഭദ്രാസന ഭരണചുമതല ഏറ്റെടുക്കയും 1997 സെപ്റ്റംബർ 28-ാം തീയതി അദ്ദേഹം കാലം ചെയ്യുന്നതുവരെ സെമിനാരി ഭരണ ച്ചുമതല നിർവ്വഹിക്കുകയും ചെയ്തു. പിന്നീട് വീണ്ടും മലങ്കര മെത്രാപ്പോലീത്താ സെമിനാരി ഭരണം ഏറ്റെടുക്കുകയും മലങ്കര മെത്രാപ്പോലീത്താ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദിതീയൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിക്കുകയും അദ്ദേഹം തൽസ്ഥാനം രാജിവച്ചതിനെത്തുടർന്ന് പ. മാത്യൂസ് ദിതീയൻ ബാവായും തുടർന്ന് പ. ബസ്സേലിയോസ്സ് ദിദിമോസ്, പ്രഥമൻ ബാവാ തിരുമേനിയും ഭദ്രാസന ഭരണവും സെമിനാരി ഭരണച്ചുമതലയും നിർവ്വഹിച്ചു വരുന്നു.

ആലുവാ തൃക്കുന്നത്ത് സെമിനാരിയേയും ചാപ്പലിനേയും സംബന്ധിച്ച് ഏകദേശം 10 കേസുകൾ വിഘടിത വിഭാഗം നടത്തിയെങ്കിലും ഒരു കേസിൽപ്പോലും അനുകൂലമായ വിധി ലഭിച്ചിട്ടില്ല. ഇതിൽ നിന്നും ഭാരത ത്തിൽ നിലനിൽക്കുന്ന നീതിന്യായ വ്യവസ്ഥയിൽ വിഘടിത വിഭാഗത്തിന്റെ സെമിനാരിയേയും ചാപ്പലിനേയും കുറിച്ചുള്ള ഉടമ സ്ഥാവകാശത്തിന് യാതൊരു വിധ നിയമാടിസ്ഥാനവുമില്ല എന്നത് വ്യക്തമാകുന്നു.

തൃക്കുന്നത്ത് സെമിനാരി പള്ളി തുറന്ന് വി. കുർബ്ബാന അർപ്പിച്ച് അവിടെ കബറടങ്ങിയിരിക്കുന്ന കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ചരമ ശതാബ്ദി സഭാ ആകമാനം ആചരിക്കും. സെമിനാരിയിലെ കൈയ്യേറ്റ ശ്രമത്തിലൂടെ പാത്രിയർക്കീസ് വിഭാഗം അപഹാസ്യരായിരിക്കുകയാണെന്ന് പ. ബാവാ പറഞ്ഞു സെമിനാരി സംബന്ധിച്ച കോടതി വിധികളും കീഴ്വഴക്കങ്ങളും കാറ്റിൽ പറത്തുവാൻ ശ്രമിക്കുന്നവർ ക്രിസ്തീയ സമൂഹത്തിന് അപമാനമാണെന്നും പ. ബാവാ പറഞ്ഞു.

കവിത

വേനൽ മഴ

സിജിത്ത് കുന്നപ്പള്ളി

മാനം കറുത്തിരുണ്ടു കൂടി തു-
റിച്ചു നോക്കി, മുഴക്കി ശബ്ദം
ഞെട്ടിത്തിരിഞ്ഞു ഞാൻ, കണ്ടു
കാറിന്റെയിടയിലൊരു വെള്ളി രേഖ
ഓടി കളിച്ചാഹ്ലാദം മറന്നോടി-
യൊളിച്ചു കുട്ടികൾ തൻ വീട്ടിൽ
കാലി കൂട്ടം പാഞ്ഞു ജീവനുമായ്
ഒപ്പം നടന്നു കാലിപ്പയ്യനും
തിരക്കിട്ടു നടത്തിയ കൊയ്ത്തു മതിയാക്കി
തിരക്കേറി നടന്നു കൊയ്ത്തുകാർ
'ദിങ്ങ്' മുഖത്താഞ്ഞടിച്ചു കൊടുങ്കാറ്റും
ഒപ്പം ഇരച്ചു പേമാരിയും
വാടി തളർന്നുറങ്ങിയ കാട്ടു ചെടി
ചാടിയെണീറ്റു ഉന്മേഷത്തോടെ
അരുവികൾ നിറഞ്ഞൊഴുകി ഒപ്പം
മാനം നിറഞ്ഞൊഴുകി മാനവർ
എത്രനാൾ ചെയ്യാൻ കൊതിച്ചതും
കാത്തിരുന്നതുമല്ലോ ഈ മഴ.

നവദമ്പതികൾക്ക്
യുവജനപ്രസ്ഥാനത്തിന്റെ
ആശംസകൾ

ജോബിൻ ജോണും
(കണിയാംപറമ്പിൽ)
ലിഷയും

തങ്കം എലിസബത്ത്
ജോർജും (കുന്നംകര)
തോമസും

സന്തോഷ് ഫിലിപ്പും
(കാവനാടിയിൽ)
ഡിംമ്പിളും



നവദമ്പതികൾക്ക് യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ

സീനാ കെ. ജോർജും
(കാഞ്ഞിരത്തുമൂട്ടിൽ)
അനിലും

രഞ്ജില മരിസാ ജോസും
(പാറയിൽ മേരിഭവൻ)
റ്റിജുവും

ഹണി മേരി മാണിയും
(തെക്കേമറ്റം)
എബിയും

കൊച്ചുമോളും
(നീലഞ്ചിറ
വടക്കേപറമ്പിൽ)
ജോജിയും

ഷൈനും
(പട്ടശ്ശേരിൽ പാലമൂട്ടിൽ)
ലിജിയും

മിനിമോളും
(കൊച്ചുപറമ്പിൽ)
ബിജുവും

ജോബിനാ
കുറിയാക്കോസും
(വെട്ടുക്കുഴിയിൽ)
ബോബിയും

റോണി ജേക്കബും
(സിയോൻ കുന്നേൽ)
സ്മിതയും



അശ്വതിയും
(മാമ്മൂട്ടിൽ)
ടോണിയും



ജമിനി തോമസും
(ജയ്ഭവൻ)
ബിജുവും

റൂജിൽ ആനി പോളും
(പട്ടശ്ശേരിൽ)
അശോകും

ബിൻലിറ്റ് മാത്യുവും
(എണ്ണശ്ശേരിലായ എരുമ
ത്താനം) അൻസായും

Printed and Published by Fr. Jai Zachariah, President St. George Youth Movement, Kuzhimattom. Editor: Renju K. Mathew Karot puthenpurackal, Kuzhimattom P. O., Kottayam
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697